ക്നാനായദീപം

SINCE 1989

KNANAYADEEPAM Vol: 28 / Issue: 5 March 2018 ₹ :10/-

The cross of Christ has conquered death

1st YEAR OF DEMISE

02-04-2018

JOSE MATHEWS (MONCEY)

ELAYASSERIL, KUTTOOR,
THIRUVALLA

Till we meet in that heavenly shore again...
Everloving family

Advt - S

ക്നാനായ ദീപം

SINCE 1989

2018 മാർച്ച് പുസ്തകം 29 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

Chief Patron
H.E. Mor Severios Kuriakose
Chief Metropolitan

Patrons
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

Editorial Board

Chief Editor
V. Rev. Roy Mathew Mulamoottil

Managing Editor
Fr. John Mathew Moolamkulam

Members
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

Press Manager
Rev. Fr. Jiby Joseph

Press Managing Committee
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

Ex-officio Members
Commander T. O. Elias
(Lay Trustee)
Prof. Abraham Punnoose
(Samudaya Secretary)

Designing
Greeshma Designs
(M) 9447304348
gdesignktm@gmail.com

Address
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
kna.deepam@gmail.com

Visit www. knanayadeepam.com

ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

ബൈബിൾ : ഒരു ആമുഖ പഠനം 06
ഫാ. ജിനു കുരുവിള

മലങ്കരസഭ 08
പ്രൊഫ. പി. കെ. സ്കറിയ

ക്ഷമ 10
ഓമന സഖറിയ

ദൈവം തന്നതല്ലാതെ എന്തുണ്ട് നമ്മുടെ കൈയ്യിൽ 15
സിജോ ജോസ്, വിലങ്ങൻപാറ

വായന കുറയുന്നു പുസ്തകം മരിക്കുന്നു 16
പ്രൊഫ. ടോണി മാത്യു

കാല്പാടുകൾ 18
എബി

വചനാമൃതം 19
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

അവസാനമായി ഒരിക്കൽകൂടി ഒരു ഓർമ്മപെടുത്തൽ 22
ഫാ. ഡോ. ജയിംസ് തോടത്തിൽ

കുടുംബചിന്തകൾ 24
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

കർത്താവിന്റെ മലർവാടി 26

ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

editorial

എഡിറ്റോറിയൽ

അദ്ധ്യാത്മീയ ജീവിതത്തിലും അനാത്മീയജീവിത മണ്ഡലങ്ങളിലും അലസമനോഭാവവും അശ്രദ്ധയും ഒരു പോലെ അപകടപൂർണ്ണമാണ്. ഒരു ട്രാൻസ്പോർട്ട് ബസിലെ ഡ്രൈവർ ബസ് ഓടിച്ചുകൊണ്ടിരിക്കെ അല്പം അശ്രദ്ധ കാണിച്ചാൽ എന്തായിരിക്കും ഫലം എന്ന് നമുക്ക് അറിയാമല്ലോ. ശസ്ത്രക്രിയ നടത്തുന്ന ഡോക്ടറുടെ അലക്ഷ്യമനോഭാവം മൂലം രോഗികൾ സൗഖ്യം പ്രാപിക്കുന്നതിനുപകരം കൂടുതൽ മാരകമായ മറ്റൊരു ശസ്ത്രക്രിയയ്ക്ക് വിധേയപ്പെട്ടിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങളെങ്കിലും പറയാനുണ്ട്. പ്രവർത്തിക്കുവാൻ ലഭിക്കുന്ന കനകാവസരങ്ങൾ ക്രൈസ്തവസഭ അലസമായി അവഗണിച്ചാൽ അതിന്റെ ഭവിഷത്ത് എത്ര വിനാശഹേതുകമായിരിക്കുമെന്ന് നാം അധികം ചിന്തിച്ചു കാണുകയില്ല. നമ്മുടെ സഭയുടെയും സമുദായത്തിന്റെയും ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ പ്രതികരിക്കേണ്ടതായ വിശ്വാസികൾ കണ്ണടച്ച് അലസമായി പെരുമാറുന്നു എന്നതിന് സഭാജനങ്ങളിൽ ഇന്നു മൊത്തത്തിൽ കാണുന്ന അനാത്മീയ പ്രവണതകൾക്ക് തികഞ്ഞ തെളിവുകളാണ്.

യേശു പറഞ്ഞു സഹോദരനോട് നിസ്സാര എന്നു പറയുന്നവർ അഗ്നിനരകത്തിന് യോഗ്യനാകും (മത്താ. 5:22) സഹ+ഉദരൻ എന്നതു പോയിട്ട് തന്നെപ്പോലെ തന്നെ ജീവിക്കുവാനും ആരാധിക്കുവാനും ഉള്ള സ്വാതന്ത്ര്യം ഉണ്ട് എന്ന പരിഗണനപോലും കൊടുക്കാതെ കോടതിവിധിയുടെ ബലത്തിൽ സ്വന്തം ലാഭവും ലക്ഷ്യവും മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന സഭാനേതാക്കന്മാരേ നിങ്ങളെ നോക്കി നിന്റെ സഹോദരൻ എവിടെ എന്നു കായീനോട് ചോദിച്ച ദൈവം ഇന്നും ജീവിക്കുന്നുണ്ട് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരാനോ എന്ന നിഷേധസ്വരം അതിന്റെ പതിന്മടങ്ങായി നിങ്ങളിൽ വളർന്നിരിക്കുന്നു. ആടുകളുടെ ഇടയൻ ന്യായം വിധിക്കുമ്പോൾ നഷ്ടപ്പെട്ടുപോയ ലക്ഷക്കണക്കിന് ആടുകളുടെ കടം എങ്ങനെ കൊടുത്തുതീർക്കും.അവനവന്റെ പ്രവർത്തിക്കുള്ള പ്രതിഫലം പ്രാപിക്കും (2.കോരി. 5:10).

നോമ്പുകാലങ്ങൾ വരുന്നു പോകുന്നു. അനുതാപത്തിനും ആത്മശുദ്ധീകരണത്തിനുമായി വേർതിരിക്കപ്പെട്ടിട്ടുള്ള നോമ്പു ദിവസങ്ങളുടെ അനുഷ്ഠാനവും ആചാരവും നിശ്ശേഷം നിന്നുപോയിരിക്കുകയാണ്. ഒരു കാലത്ത് ഓർത്തഡോക്സ് സഭാംഗങ്ങളുടെ ജീവലക്ഷണമായിരുന്നു നോമ്പാചരണം. അതേരൂപത്തിൽ ഇനിയും ആചരിക്കപ്പെട്ടെങ്കിൽ മാത്രമേ സഭയ്ക്ക് ആത്മീയമായ ഉണർവ്വ് ഉണ്ടാകുകയുള്ളൂ. വെറും ചടങ്ങുനിർവ്വഹണമെന്നുള്ളതിൽ കവിഞ്ഞ് ക്രിസ്തുയേശുവിൽ അധിഷ്ഠിതമായ ഒരു ആത്മീയ പുതുജീവന്റെ അനുഭവത്തിൽ എത്രപേർ നമ്മുടെ ആരാധനയിൽ പങ്കുകൊള്ളുന്നു. കഷ്ടാനുഭവാഴ്ചയിലെ തിക്കും തിരക്കും കഴിഞ്ഞാൽ പിന്നീടുള്ള പല ഞായറാഴ്ചയും പലരും പള്ളിയിൽ വരികയില്ല. ഓരോ ഞായറാഴ്ചയും നമ്മുടെ വിശ്വാസപ്രകാരം വിലയേറിയതും പരിപാവനവും അല്ലേ. കഷ്ടാനുഭവ ആഴ്ചയിൽ നമ്മുടെ പള്ളികളിൽ നടന്നുവരുന്നു കുമ്പസാര രീതിയും കുർബ്ബാനാനുഭവവും യാതൊരു ആത്മീയ ചൈതന്യവും ഉളവാക്കത്തക്കവിധമല്ല. ആയിരകണക്കിന് ആളുകൾ ഒരു പട്ടക്കാരനെ സമീപിക്കുന്നു. പെസഹായുടെ തലേബുധനാഴ്ച വൈകിട്ട് എല്ലാവരേയും കുമ്പസാരിപ്പിക്കണം. ഒരു പട്ടക്കാരന് എങ്ങനെ ആ കൃത്യം ഫലപ്രദമായി നിർവ്വഹിക്കുവാൻ സാധിക്കും. ചടങ്ങ് കുമ്പസാരംകൊണ്ടും കുർബ്ബാന അനുഭവം കൊണ്ടും പാപങ്ങൾ മോചിക്കപ്പെടുന്നില്ലെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. കർത്താവിന്റെ കൈയിൽ നിന്നും വി.കുർബ്ബാന അനുഭവിച്ച ആളല്ലെ യൂദാശ്ലീഹ എന്നിട്ടും കക്ഷി ആത്മഹത്യ ചെയ്യേണ്ടിവന്നില്ലേ. പുതുഞായറാഴ്ച കർത്താവ് അപ്പോസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരുടെ മേൽ ഊതി ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും എന്നും ആരുടെ പാപങ്ങൾ മോചിക്കാതിരിക്കുന്നുവോ അവ മോചിക്കാതിരിക്കുമെന്നു പ്രഖ്യാപനത്തിലെ രണ്ടാമത്തെ അധികാരം അച്ചന്മാർ പ്രയോഗിക്കണം. യഥാർത്ഥ പശ്ചാത്താപം ഉറപ്പുവരാത്ത സാഹചര്യത്തിൽ നിന്റെ പാപങ്ങൾ മോചിക്കപ്പെടുന്നില്ല എന്ന പറയണം. പിന്നെ അവർ മനസ്സമാധാനത്തോടെ കിടന്നുറങ്ങുമോ. പാപം മോചിക്കാതിരിക്കാനും അച്ചന് അധികാരം ഉണ്ടെന്നു ജനങ്ങൾ മനസ്സിലാക്കണം.

ഇളകിയ ഒരു പല്ല് പറിക്കണമെങ്കിൽപോലും ലോക്കൽ അനസ്തേഷ്യാ എടുത്ത് അരമണിക്കൂർ രോഗി ആശുപത്രിയിൽ കുത്തിയിരിക്കണം. ആ സ്ഥിതിയ്ക്ക് ആഴത്തിൽ വേരോടിയ പാപസ്വഭാവത്തിന്റെ തായ്‌വേരുകൾ വളരെ നിസ്സാര കൈക്രിയകളിലൂടെ നടക്കില്ലെന്നു ജനങ്ങൾ മനസ്സിലാക്കണം. കുമ്പസാരിക്കുവാൻ വരുന്നവരുടെ നെറ്റിയിൽ റോബോർട്ടിനെപ്പോലെ യാന്ത്രികമായി കുരിശുവരയ്ക്കുന്ന അച്ചൻ കത്തുന്നതീയിൽ പച്ചവെള്ളമൊഴിച്ച് കെടുത്തുവാൻ നോക്കുകയല്ലേ.

ഒരേ വിശ്വാസത്തിന്റേയും മേശയുടേയും അംശികളായ സഭാംഗങ്ങൾ ഇരുചേരികളായി തിരിഞ്ഞു നിന്നുകൊണ്ട് പടപൊരുതുന്ന കാര്യം കൂടി ഇത്തരുണത്തിൽ സ്മരണീയമാണ്. ഒരു രാജ്യമോ ഭവനമോ സഭയോ തന്നിൽ തന്നെ ഛിദ്രിച്ചാൽ അതിന് എങ്ങനെ നിലനില്പാൻ കഴിയും. ക്രിസ്തീയമായ കാഴ്ചപ്പാടിൽ നാം ഉണർന്ന് ചിന്തിച്ച് കർമ്മോന്മുഖരാകുമെങ്കിൽ ആത്മീയമായും ഇനിയും അധഃപതിയ്ക്കാതെ ഉയർന്നുവരുവാൻ സാധിക്കും. ഒരു പുതിയ ആത്മാവിൽ പ്രേരിതരായി ഉദ്ധരിക്കപ്പെടുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. വലിയനോമ്പിന്റെ ഈ സന്ദർഭത്തിൽ വിശുദ്ധകുർബ്ബാന സംസർഗ്ഗത്തിന്റെ സ്വർഗ്ഗീയമായ അനുഭൂതിയിലേക്കും അനുഭവത്തിലേക്കും നമ്മുടെ സഭാംഗങ്ങളെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നയിച്ച് ആത്മീയ അധഃപതനത്തിൽ നിന്നും നമ്മേ ഉദ്ധരിച്ച് സമാധാനം പുനഃസ്ഥാപിക്കുവാൻ ഇടയാകട്ടെ.

എന്ന് സ്നേഹപൂർവ്വം

നിങ്ങളുടെ പ്രിയ റോയി അച്ചൻ

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

ഒരു നോമ്പുകാലം കൂടി വന്നെത്തിക്കഴിഞ്ഞു, ഈ വർഷം ഫെബ്രുവരി 12 ന് ആരംഭിച്ച വലിയ നോമ്പ് ഏപ്രിൽ ഒന്ന് ഉയിർപ്പ് ഞായറാഴ്ചയോടുകൂടി അവസാനിക്കും. വിശ്വാസികൾക്ക് ആത്മവിശുദ്ധീകരണത്തിന്റേ നാളുകളാണ് നോമ്പുകാലം.

മൂന്ന് നോമ്പ് (നിനവെ നോമ്പ്) വലിയനോമ്പ്, ശ്ലീഹാനോമ്പ്, ശൂനോയോനോമ്പ്, യൽദോനോമ്പ് എന്നിങ്ങനെയുള്ള കാനോനിക നോമ്പുകളാണ് പിതാക്കന്മാർ കല്പിച്ചിരിക്കുന്നത്. എന്നാൽ മലങ്കരയിൽ ദൈവമാതാവിന്റെ നാമത്തിൽ എട്ടുനോമ്പുകൂടി ആചരിച്ചു വരുന്നു. ക്രിസ്താബ്ദം 345 ൽ ഉറഹായിൽ നിന്നും മലങ്കരയിൽ കുടിയേറിയ ക്നാനായക്കാർ (യഹൂദാ ക്രിസ്ത്യാനികൾ) അവരുടെ ജന്മനാടായ ഉറഹായിൽ ആചരിച്ചുവന്നിരുന്ന നോമ്പത്രെ എട്ടുനോമ്പ്.

നൊമ്പരം എന്ന ധാതുവിൽ നിന്നാണ് നോമ്പ് എന്ന പദം ഉത്ഭവിച്ചിരിക്കുന്നത്. യഥാർത്ഥ നോമ്പാനുഷ്ഠാനം നമ്മെ നോമ്പരപ്പെടുത്തുമെങ്കിലും വ്രതാനുഷ്ഠാനത്തിലൂടെ ആത്മീയ ചൈതന്യം പ്രാപിപ്പാൻ നമുക്കു സാധിക്കും. സൗമോ എന്ന പദമാണു സുറിയാനിഭാഷയിൽ നോമ്പിനുപയോഗിക്കുന്നത്. അടങ്ങുക, ഒതുങ്ങുക എന്നെല്ലാമാണ് ഈ വാക്കിനർത്ഥം. ജീവിതത്തിൽ അച്ചടക്കവും, അനുസരണവും, ഒതുക്കവും നോമ്പാനുഷ്ഠാനത്തിലൂടെ ഓരോ വ്യക്തിയും പരിശീലിക്കണം എന്നു വ്യക്തം. മനസ്സിലെ അഴുക്കിനെ കഴുകിക്കളഞ്ഞ് ശുദ്ധിവരുത്തുവാനുള്ള അവസരമാണ് നോമ്പുകാലം. ആകയാൽ സമയം തക്കത്തിൽ വിനിയോഗിക്കണം. ഭൗതിക കാര്യങ്ങളേക്കാൾ, ദൈവീക താല്പര്യങ്ങളുടെ നിറവേറലിനായി ആത്മാവിനേയും മനസ്സിനെയും വളർത്തിയെടുക്കാൻ നോമ്പനുഷ്ഠാനത്തിലൂടെ ഏവർക്കും സാധിക്കട്ടെ.

നോമ്പാചരിക്കണം എന്നതു നമ്മുടെ പിതാക്കന്മാരുടെ കല്പനയാണ്. എല്ലാ തലമുറകളും പരിശുദ്ധാത്മനിറവുള്ള തലമുറകളായിരിപ്പാൻ വേണ്ടിയത്രേ നോമ്പാചരണം കല്പിക്കപ്പെട്ടിരിക്കുന്നത്. "ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവുമാകുന്നു" എന്നത്രേ പ്രാർത്ഥനകളിലൂടെ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ നോമ്പനുഷ്ഠിക്കുക എന്നത് പിതാക്കന്മാരുടെ കല്പനയാകുന്നുവെന്നും കല്പനകൾ ലംഘിക്കുന്നത് ഉചിതമല്ല എന്നതും ഓർത്തുകൊള്ളുക. നമ്മുടെ കർത്താവ് പിതാവിന്റെ ഇഷ്ടപ്രകാരം തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചതും, പീഢാനുഭവത്തോടും കുരിശുമരണത്തോടുംകൂടെ അവന്റെ ഇഷ്ടം നിറവേറ്റിയതും നോമ്പാചരണത്തോടെയത്രെ. ആകയാൽ ഏതുകാര്യവും അതിന്റെ പൂർണ്ണത പ്രാപിക്കണമെങ്കിൽ നോമ്പാചരണത്തോടെ സകലതും ആരംഭിക്കുക.

വിശുദ്ധഗ്രന്ഥം പരിശോധിക്കുക. നോമ്പാചരണത്തിലൂടെയാണ് പൂർവ്വപിതാക്കന്മാർ പ്രതിസന്ധികളിൽനിന്നും മരണവക്രത്തിൽ നിന്നും രക്ഷപെട്ടത്.

പേർഷ്യാ സാമ്രാജ്യത്തിൽ അഹശ്വരേഷ് രാജാവിന്റെ കാലത്ത്; ഭാരതത്തിന്റെ പടിഞ്ഞാറുഭാഗം മുതൽ ഈജിപ്റ്റുവരെയും വ്യാപിച്ചുകിടക്കുന്ന 127 സംസ്ഥാനങ്ങളിലായി വസിച്ചിരുന്ന ലക്ഷക്കണക്കിനു യഹൂദന്മാർ കൊലയിൽ നിന്നും രക്ഷപെടാൻ എസ്ഥേർ രാജ്ഞിയുടേയും പിതൃസഹോദരപുത്രനായ മോർദ്ദേഖായിയുടെയും നേതൃത്വത്തിൽ നോമ്പ് ആചരിച്ചു. യഹൂദാ വംശജയായ എസ്ഥേർ, രാജ്ഞിയായി തിരഞ്ഞെടുക്കപ്പെട്ടു. സഹോദരനായ മോർദ്ദേഖായി കൊട്ടാരവാതിൽ കാവൽക്കാരനായി ജോലി നോക്കുന്നു. പ്രധാനമന്ത്രി ഹാമാൻ കൊട്ടാരവാതിലൂടെ കടന്നുപോകുമ്പോൾ മറ്റുള്ളവർ ചെയ്തിരുന്നതുപോലെ മോർദ്ദേഖായി ഹാമാനെ വണങ്ങിയിരുന്നില്ല. കുപിതനായ ഹാമാൻ ചക്രവർത്തിയെ കബളിപ്പിച്ചു കല്പനവാങ്ങി, നിശ്ചിതസമയത്ത് സാമ്രാജ്യത്തിലെ എല്ലാ യഹൂദന്മാരെയും കൊന്നുകളവാൻ എല്ലാ സംസ്ഥാനങ്ങളിലെയും പ്രധാനികൾക്കു കല്പന കൊടുത്തയച്ചു. മോർദ്ദേഖായിയെ തൂക്കിലേറ്റാൻ 50 മുഴം ഉയരമുള്ള ഒരു കഴുമരവും ഹാമാൻ നിർമ്മിച്ചു.

അപകടം മണത്തറിഞ്ഞ എസ്ഥേർ രാജ്ഞിയുടേയും മോർദ്ദേഖായിയുടേയും നേതൃത്വത്തിൽ യഹൂദന്മാർ മൂന്നുദിവസം കഠിനമായ നോമ്പാചരിച്ചു. മൂന്നാം ദിവസം രാജ്ഞി രാജാവിനെ മുഖം കാണിച്ച് രാജാവിനെയും, ഹാമാനെയും വിരുന്നിനു ക്ഷണിച്ചു. വിരുന്നിൽ വച്ചു രാജ്ഞി തന്റെ വംശത്തോടു ഹാമാൻ കാട്ടിയ വഞ്ചന വെളിപ്പെടുത്തുകയും, രാജകോപം ഹാമാനെതിരായിത്തീരുകയും ചെയ്തു. മോർദ്ദേഖായിക്കുവേണ്ടി ഒരുക്കിയ കഴുമരത്തിൽ ഹാമാന്റെ കുടുംബത്തെ ഉന്മൂലനാശമാക്കുകയും ചെയ്തു. നോമ്പാനുഷ്ഠാനം ദൈവജനത്തിന് എപ്രകാരമാണ് പ്രയോജനപ്പെട്ടതെന്നു ശ്രദ്ധിക്കൂ.

നോമ്പാചരണം ഏവർക്കും അനുഗ്രഹകാരണമായി തീരട്ടെ

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്

വലിയ മെത്രാപ്പോലീത്താ

ബൈബിൾപഠനം 23

ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

മൂന്നാം ഏശായാ (തുടർച്ച)

പുതിയനിയമത്തിൽ പലയിടത്തും മൂന്നാം ഏശായ ഉദ്ധരിക്കപ്പെടുന്നുണ്ട്. 'എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്ന് അറിയപ്പെടും (56:7) എന്ന പ്രഘോഷണം സമാന്തര സുവിശേഷങ്ങളിൽ കാണാം. (മത്താ.21:13, മർ.11:17, ലൂക്കോ.19:46). പ്രവാചകന്റെ വിളിയുടെ വിവരണം വി.ലൂക്കോസിൽ കർത്താവ് തന്റെ വിളിയായി വ്യാഖ്യാനിക്കുന്നുണ്ട് (ലൂക്കോ.4:14-19). ഈ വിവരണത്തിൽ പറഞ്ഞിരിക്കുന്ന ദൗത്യങ്ങൾ വി. മത്തായിയും (11:5) വി.ലൂക്കോസും (7:22) ഉദ്ധരിക്കുന്നുണ്ട്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമക്കാർക്ക് എഴുതിയ ലേഖനത്തിൽ മൂന്നു പ്രാവശ്യം മൂന്നാം ഏശായയിൽ നിന്ന് ഉദ്ധരിക്കുന്നുണ്ട്. (ഏശാ. 59:78-റോമ.3:15-17,ഏശാ 59:20-21,റോമ.11:26,ഏശ 65:1-2, റോമ. 10:20-21). പുതിയ ആകാശവും പുതിയ ഭൂമിയും എന്ന മൂന്നാം ഏശായുടെ ചിന്ത (ഏശ.65:17, 66:22), പത്രോസ് ശ്ലീഹായുടെ ലേഖനത്തിലും (2.പത്രോ.3:13) വെളിപാട് പുസ്തകത്തിലും (21:1) കാണുന്നുണ്ട്. പുതിയ യെരുശലേം സൂര്യനാലും ചന്ദ്രനാലുമല്ല ദൈവത്താൽ പ്രകാശിക്കപ്പെടും എന്ന ആശയം (ഏശ. 60:19) വെളിപാടുപുസ്തകത്തിൽ (21:23) കാണുവാൻ കഴിയും. ദൈവം മുന്തിരിച്ചക്കു ചവിട്ടുന്നതിനെക്കുറിച്ച് ഏശായ പറഞ്ഞിരിക്കുന്ന കാര്യം (ഏശ.63:1-3) വെളിപാടു പുസ്തകത്തിലും (വെളി. 14:19-20,19:13-16) കാണുന്നുണ്ട്.

യിരമ്യാ

ഏശായയുടെ പുസ്തകം കഴിഞ്ഞാൽ വിശുദ്ധ വേദപുസ്തകത്തിലെ ഏറ്റവും വലിയ പ്രവാചക ഗ്രന്ഥമാണ്. യിരമ്യാവിന്റെ പുസ്തകം. B.C. 645 നടുത്ത് യിരമ്യാവ് ജനിച്ചു. യെരുശലേമിൽ നിന്ന് 5 കി.മീ വടക്ക്കിഴക്കുള്ള അനത്തോത്ത് എന്ന ഗ്രാമത്തിൽ ഒരു പുരോഹിത കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. യഹൂദ രാജാവായ ആമോന്റെ മകനായ യോശീയാവിന്റെ കാലത്ത് അതായത് യോശിയാവിന്റെ 13-ാം ഭരണവർഷം അദ്ദേഹം തന്റെ വിളി സ്വീകരിച്ചു. യൂദായിലെ അഞ്ച് രാജാക്കന്മാരുടെ കാലത്ത് (യോശിയ, യഹോവഹാസ്,യഹോവയാക്കിം, യഹോവയാച്ചിൻ, സെദക്കിയ) അദ്ദേഹം തന്റെ ശുശ്രൂഷ നിർവ്വഹിച്ചു.

പുസ്തകത്തിന്റെ ഘടന

1:1-19 - വിളിയും ദൗത്യവും

2:1-25:28 - യൂദായുടേയും യെരുശലേമിന്റെയും മേൽവിധി.

26:1-29:32 - വ്യാജപ്രവാചകന്മാരുമായി വിവാദം

30:1-33:26 - രക്ഷാ വാഗ്ദാനം

34:1-45:6 - യരുശലേം ആക്രമിക്കപ്പെടുന്നു. പ്രവാചകന്റെ സഹനം

46:1-15:64 - ജനങ്ങൾക്കെതിരെ പ്രവചനങ്ങൾ

52:1-34 - അനുബന്ധം, യെരുശലേമിന്റെ പതനം

ദൈവത്തിന്റെ ഹൃദയ വികാരങ്ങൾ സ്വന്തം വികാരങ്ങളിലൂടെ പ്രകടിപ്പിക്കുവാൻ യിരമ്യാവിനു കഴിഞ്ഞിരുന്നു. തന്റെ ദൗത്യനിർവ്വഹണത്തിനായി അവിവാഹിതനായി ജീവിക്കണമെന്ന് ദൈവം യിരമ്യായോടു കല്പിച്ചു. (16:1-4) ഉടമ്പടിയുടെ പ്രവാചകൻ എന്നൊക്കെ അദ്ദേഹം അറിയപ്പെടാറുണ്ട്.

ദൈവദാനമായ വാഗ്ദാനദേശവും ദൈവത്തിന്റെ ഇരിപ്പിടമായ വിശുദ്ധസ്ഥലവും നശിപ്പിക്കപ്പെടുമെന്നും ജനം ബാബിലോണിലേക്ക് നാടുകടത്തപ്പെടുമെന്നു പ്രവചിക്കുകയും തന്റെ പ്രവചനം നിറവേറുന്നത് നേരിൽ കാണുകയും ചെയ്ത ദൈവ മനുഷ്യനായിരുന്നു അദ്ദേഹം. സമയത്തിന്റെ പൂർണ്ണതയിൽ ദൈവം യിസ്രായേൽ-യൂദാ ഭവനവുമായി പുതിയ ഒരു ഉടമ്പടി സ്ഥാപിക്കുമെന്ന് പ്രവചിച്ചത് യിരമ്യാവാണ് (31:31-34).

ഹോശയ പ്രവാചകന്റേയും ആവർത്തനഗ്രന്ഥകാരന്റെയും പാരമ്പര്യത്തിൽപ്പെട്ട പ്രവാചകനായിരുന്നു യിരമ്യാവ്. സീയോനെ (യെരുശലേമിനെ) ദൈവത്തിന്റെ ഇരിപ്പിടമെന്ന നിലയിൽ അദ്ദേഹം സ്നേഹിച്ചിരുന്നു. മറ്റ് പ്രവാചകന്മാരേക്കാൾ ദൈർഘ്യമുള്ള പ്രസംഗങ്ങൾ നടത്തിയ യിരമ്യാവ് യുദ്ധത്തിന്റെയും പകർച്ചവ്യാധിയുടേയും ഭീകരതയുടേയും ചിത്രങ്ങൾ മാത്രമല്ല കുശവന്റെ പാത്രനിർമ്മാണം, വീട്ടിലെ ഭക്ഷണം പാകംചെയ്യാൻ, ലോകപണിക്കാരന്റെ ജോലി, സ്നേഹബന്ധങ്ങൾ മുതലായ സാധാരണ ജീവിതത്തിലെ ചിത്രങ്ങളും അവതരിപ്പിച്ചു കൊണ്ടാണ് സംസാരിച്ചത്.

വിഗ്രഹാരാധനയ്ക്കും അനീതിക്കുമെതിരെ ശബ്ദം ഉയർത്തിയ പ്രവാചകനായിരുന്നു യിരമ്യാ. വിഗ്രഹാരാധനയും സാമൂഹിക അനീതികളും വഴി കർത്താവിനെ തുടരെത്തുടരെ പ്രകോപിപ്പിക്കുന്ന ജനത്തിനു വരാൻ പോകുന്ന ശിക്ഷ ഭയാനകമായിരിക്കും എന്ന് അദ്ദേഹം പഠിപ്പിച്ചു. ദൈവത്തിലുള്ള ആശ്രയവും ധാർമ്മികമായ പ്രമാണങ്ങളും ഉപേക്ഷിച്ച് ലോകത്തിന്റെ വഴികളിലും രാഷ്ട്രീയമായ കൂട്ടുകെട്ടുകളിലും ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരുന്ന നേതാക്കന്മാരുടേയും ജനത്തിന്റേയും അടുക്കൽ ദൈവത്തിന്റെ ഹിതം അറിയിക്കുന്നതിനുവേണ്ടിയാണ് പ്രവാചകൻ വിളിക്കപ്പെട്ടത് (1:10,7:26).

ചരിത്രസംഭവങ്ങൾ യാദൃശ്ചികമല്ലെന്നും ദൈവം സർവ്വേശ്വരനായി വാഴുന്നുവെന്നും യിരമ്യാവ് പഠിപ്പിച്ചു. ദൈവം നൽകുന്ന ശിക്ഷ ശിരസാവഹിച്ചുകൊണ്ട് അനുതാപ

ത്തോടെ ദൈവത്തിങ്കലേക്ക് തിരിയുകയാണ് വിമോചനത്തിനുള്ള ഏകമാർഗ്ഗമെന്ന് അദ്ദേഹം ഗുണദോഷിച്ചു എങ്കിലും അന്നത്തെ നേതൃത്വം അദ്ദേഹത്തിന്റെ ഉപദേശത്തെ സ്വീകരിച്ചില്ല.

ദൈവത്തിൽ ആശ്രയിക്കാതെ വിഗ്രഹത്തിനു പിന്നാലെ പോകുന്ന ജനത്തെ ചൂടിൽ അലയുന്ന ഒട്ടകത്തോടാണ് അദ്ദേഹം ഉപമിച്ചത്. (2:23-24,5:7), പാവപ്പെട്ടവരേയും ബലഹീനരെയും ചൂഷണം ചെയ്യുന്നത് അദ്ദേഹം ശക്തമായി എതിർത്തു. അതുപോലെ വ്യഭിചാരവും (5:8) ഉടമ്പടിക്കെതിരായ നിലപാടുകളും (5:23) അദ്ദേഹം ചോദ്യം ചെയ്തു. മനം തിരിഞ്ഞ് കർത്താവിങ്കലേക്ക് മടങ്ങി വരുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

വിഗ്രഹാരാധനയുടെ ഫലമായി പണ്ടു ദൈവം ഷീലോയെ നശിപ്പിച്ചതുപോലെ ഇന്നു യെരുശലേമിനെയും നശിപ്പിക്കുമെന്ന പ്രവാചകന്റെ വാക്കുകൾ രാജാവിനെയും പ്രഭുക്കന്മാരെയും പുരോഹിതന്മാരെയും പ്രവാചകന്മാരെയും ജനങ്ങളെയും ഒരുപോലെ ഞെട്ടിച്ചു. അവർ അദ്ദേഹത്തെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി (26:8) രാഷ്ട്രീയ അധികാരികൾ ഉടനെ അദ്ദേഹത്തെ വിചാരണ ചെയ്തു. പുരോഹിതരും പ്രവാചകരും യിരമ്യായ്ക്ക് മരണമാണ് വിധിച്ചത്. എന്നാൽ താൻ ദൈവത്തിൽ നിന്ന് കേട്ടതുമാത്രമെ സംസാരിച്ചുള്ളൂ എന്ന യിരമ്യാവിന്റെ വാക്കുകൾ നിമിത്തം രാഷ്ട്രീയ അധികാരികൾ അദ്ദേഹത്തെ വെറുതെ വിട്ടു.

മറ്റ് ജനതകളിൽ കാണാറില്ലാത്തതായ വൈകൃതമാണ് പ്രവാചകൻ ദൈവജനമായ യിസ്രായേലിൽ കണ്ടത്. ദുഷ്കർമ്മങ്ങൾ ചെയ്യുവാനുള്ള വാസനയുടെ രൂഢമായ ചായ്‌വും പ്രവാചകൻ ചൂണ്ടികാണിക്കുന്നു. ജനങ്ങളുടെ ധാർമ്മികാധപതനത്തിൽ പ്രവാചകൻ വിലപിക്കുന്നു. ജനങ്ങളുടെ ദയനീയ അവസ്ഥയിൽ വിലപിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് പ്രവാചകൻ വരച്ചുകാട്ടുന്നത്. സ്നേഹാർദ്രവാനായ ദൈവം ജനങ്ങളുടെ മനം തിരിവിനായി കാത്തിരിക്കുന്നു. ക്രിസ്തുവിൽ കൂടി പ്രത്യക്ഷമായ ദൈവകൃപയുടെ നിഴൽ യിരമ്യാവിന്റെ ഉപദേശത്തിൽ പതിഞ്ഞിട്ടുണ്ട്. വീണ്ടെടുപ്പിന്റെ പുതിയ ഉടമ്പടിയെക്കുറിച്ചുള്ള യിരമ്യാവിന്റെ ദർശനം ക്രിസ്തുവിൽ നിറവേറുന്നു.

ആശ്വാസത്തിന്റെയും ഭാവി നന്മയുടേയും ദർശനങ്ങൾക്കിടയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പുതിയ ഉടമ്പടിയെക്കുറിച്ചുള്ള യിരമ്യായുടെ കാഴ്ചപ്പാട്. വിഗ്രഹാരാധനയിലൂടെ ജനം തകർത്തുകളഞ്ഞ സീനായ് ഉടമ്പടിയിൽ നിന്ന് വ്യത്യസ്ഥമായ മറ്റൊരു ഉടമ്പടി ദൈവം യിസ്രായേലുമായി നടത്തുന്നത് പ്രവാചകൻ ദർശിക്കുന്നു. പഴയ ഉടമ്പടിയിൽ നിന്നു വ്യത്യസ്ഥമായി ദൈവം തന്റെ കല്പനകൾ മനുഷ്യ ഹൃദയത്തിലെഴുതുന്ന പുതിയ ഉടമ്പടിയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ശിലാഫലകങ്ങളിൽ എഴുതപ്പെട്ട ആദ്യഉടമ്പടി അനുസരിക്കുക എന്നത് യിസ്രായേലിനു വിഷമകരമായിരുന്നു.എന്നാൽ പുതിയ ഉടമ്പടിയിലെ നിയമങ്ങൾ ഹൃദയത്തിൽ എഴുതിയിരിക്കുന്നതിനാൽ അത് അനുസരിക്കാനുള്ള ശക്തി ആന്തരികമായി ലഭിക്കും. എസ്രാ-നെഹമിയായുടെ മതനവീകരണത്തോടുകൂടി ഈ ഉടമ്പടി നിറവേറുവാൻ തുടങ്ങി എന്ന് യഹൂദർ കരുതുന്നുവെങ്കിലും പുതിയ നിയമത്തിൽ, യേശുവിലൂടെയാണ് ഇത് പൂർണ്ണമായും നിറവേറുന്നത്. (1 കോരി.11:25, ലൂക്കോ 22:20,1.പത്രോ 2:9, പുറ 19:5-6, ആവ. 4:20,7:6). ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് പുതിയ നിയമത്തിന് ആ പേരു തന്നെ ലഭിച്ചിരിക്കുന്നത്. ഈ ഉടമ്പടി വിശദീകരിച്ചുകൊണ്ട് എബ്രായ ലേഖനകർത്താവ് (8:13,9:26-28) വിശദീകരിക്കുന്നുണ്ട്.

മക്കാബിയരുടെ ഗ്രന്ഥമനുസരിച്ച് ബാബിലോണുകാർ ദൈവാലയം നശിപ്പിക്കുന്നതിനുമുമ്പ് ദൈവാലയത്തിൽ നിന്ന് നിയമപേടകവും ധൂപപീഠവും സാക്ഷ്യകൂടാരവും നീക്കി ഒരു ഗുഹയിൽ ഒളിച്ചു വയ്ക്കുവാൻ യിരമ്യാവ് കല്പിച്ചു. എന്നാൽ അങ്ങോട്ടുള്ള വഴി അടയാളപ്പെടുത്തി വയ്ക്കുവാൻ അവരെ അദ്ദേഹം അനുവദിച്ചില്ല അതിനു ശ്രമിച്ചവരോട്,ദൈവം ജനത്തെ ഒരുമിച്ച് കൂട്ടുമ്പോൾ ഇക്കാര്യം അവർക്ക് വെളിപ്പെടുത്തി കിട്ടും എന്ന് അദ്ദേഹം പറഞ്ഞു. (2 മക്കാ2:7) ഈ ഗ്രന്ഥമനുസരിച്ച് യിരമ്യാവ് ജനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും അങ്ങനെ അവരെ സംരക്ഷിക്കുകയും ചെയ്തു. (2 മക്കാ.15:14-16).

താൻ മുൻകൂട്ടി പ്രവചിച്ച ദൈവാലയത്തിന്റെ നാശവും ബാബിലോണ്യ പ്രവാസവും സംഭവിക്കുന്നത് അദ്ദേഹത്തിനുതന്നെ കാണുവാൻ ഇടയായിതീർന്നു. തടവുകാരോടൊപ്പം ബാബിലോണിലേക്ക് കൊണ്ടുപോകാതെ നഷ്ടശിഷ്ടങ്ങൾക്കിടയിൽ തങ്ങി ഏങ്കിലും പിന്നീട് ഈജിപ്തിലേക്ക് നാടുകടത്തപ്പെട്ടു.

(തുടരും)

നവ വൈദികർ

പാവൂക്കര സെന്റ് മേരീസ് പള്ളി ഇടവകയിൽപ്പെട്ട പെരുംകണ്ണാരിൽ കെ.എം. കുര്യന്റെയും ഗ്രേസി കുര്യന്റെയും മകൻ **ഡീക്കൻ ജിബിൻ കുര്യൻ** 19-12-2017 ൽ പാവൂക്കര സെന്റ് മേരീസ് പള്ളിയിൽ ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് വലിയമെത്രാപ്പോലീത്തായിൽ നിന്നും കശ്ശീശാ പട്ടം സ്വീകരിച്ചു. നിലമ്പൂർ സെന്റ് മേരീസ്പള്ളി ഇടവകയിൽപ്പെട്ട തുണ്ടിയിൽ ആശിഷ മോൻസൺ ആണ് ഭാര്യ.

മാന്നാർ സെന്റ് മേരീസ് പള്ളി ഇടവകയിൽപ്പെട്ട പുത്തൻപുരയ്ക്കൽ **ഡീക്കൻ ലിജോ ജയിംസ്** 23-11-2017 ൽ വള്ളംകുളം ബേത്നഹറിൻ സെന്റ് ഏലിയാസ് ത്രിതീയൻ ചാപ്പലിൽ അഭി. കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കശ്ശീശാ പട്ടം സ്വീകരിച്ചു. റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽപ്പെട്ട ചരിവുകാലായിൽ ബിന്റു ബാബു ആണ് ഭാര്യ.

മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

പാലകുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് (1843 – 1877) മാർതോമ്മാസഭയുടെ ആരംഭം

ഭക്തനും വിശ്വാസ വൈരാഗിയും ആയിരുന്ന മാർ ദിവന്നാസ്യോസ് നാലാമന് ഇംഗ്ലീഷ് മിഷനറിമാരുടെ അപ്രീതി സമ്പാദിച്ചതുമൂലം പലപ്രതിസന്ധികളും നേരിടേണ്ടിവന്നുവെന്നും തൽഫലമായി നിസ്സഹായനായ അദ്ദേഹം അവസാനകാലത്ത് സഭാഭരണത്തിൽ നിന്ന് ഒഴിഞ്ഞ് ഏകനായി കഴിയേണ്ടിവന്നുവെന്നും നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ.

ദിവന്നാസ്യോസ് നാലാമൻ ജീവിച്ചിരിക്കെ തന്നെ അദ്ദേഹവും മറ്റുപലരും മലങ്കരസഭ വൈധവ്യാവസ്ഥയിൽ ആണെന്നും ഒരു മെത്രാപ്പോലീത്തായെ അടിയന്തിരമായി ഇങ്ങോട്ട് അയച്ചുതരണമെന്നും കാണിച്ച് അന്ത്യോഖ്യാക്ക് കത്തുകൾ അയച്ചിരുന്നു. പരി.പാത്രിയർക്കീസ് ബാവാ സുന്നഹദോസുകൂടി ആലോചിക്കയും ശീമയിൽ നിന്ന് മെത്രാന്മാരെ ഇങ്ങോട്ടയക്കുന്നതിലും നല്ലത് മലങ്കരയിൽ നിന്ന് അങ്ങോട്ട് സ്ഥാനാർത്ഥികളെ അയച്ച് അവർക്കുവേണ്ട ശിക്ഷണവും പഠനവും നൽകി മെത്രാനാക്കി മലങ്കരയിലേക്ക് തിരിച്ചയക്കുന്നതാണ് ഉത്തമം എന്ന് അറിയിക്കയും ചെയ്തു. ഈ വിവരം മണത്തറിഞ്ഞ പാലകുന്നത്ത് ഏബ്രഹാം കത്തനാർ തന്റെ സഹോദരപുത്രനായ പാലകുന്നത്ത് മാത്യൂസ് ശെമ്മാശനെ മലങ്കരസഭയുടേതായ ഒരു വ്യാജ ശുപാർശ കത്തുമായി ശീമയിലേക്ക് അയച്ചു.

ഈ അവസരത്തിൽ പാലകുന്നത്ത് ഏബ്രഹാം കത്തനാരുടെയും മാത്യൂസ് ശെമ്മാശന്റെയും മുൻകാലപ്രവർത്തനങ്ങളെക്കുറിച്ച് അല്പം അറിയുന്നതു നന്നായിരിക്കും.

സുറിയാനി കുർബ്ബാന തക്സാ പരിഷ്ക്കരിക്കുന്നതിന് ഇംഗ്ലീഷ് മിഷണറിമാർ ശമ്പളം കൊടുത്തു നിയമിച്ച നാലു പട്ടക്കാരിൽ ഒരാളും ഈ നാലുപേരിൽ പരിഷ്കരിച്ച തക്സാവച്ച് കുർബ്ബാന ചൊല്ലാൻ ധൈര്യപ്പെട്ട ഏക വ്യക്തിയും ആയിരുന്നു ഏബ്രഹാം കത്തനാർ. അതുപോലെ തന്നെ മാർ ദിവന്നാസ്യോസ് നാലാമനിൽ നിന്നാണ് ശെമ്മാശപട്ടം സ്വീകരിച്ചതെങ്കിലും ദിവന്നാസ്യോസും മിഷണറിമാരുമായി ഉണ്ടായ തർക്കത്തിൽ മിഷണറിമാരോടൊപ്പം നിന്നവരിൽ ഒരാളായിരുന്നു മാത്യൂസ് ശെമ്മാശൻ.

ഏതായാലും മിഷണറിമാരും മാർ ദിവന്നാസ്യോസ് നാലാമനും തമ്മിൽ ഭിന്നിച്ചപ്പോൾ താൻ വിശ്വാസപ്രതിജ്ഞ ചെയ്തിരുന്ന മേൽപട്ടക്കാരന് എതിരുനിൽക്കുകയാൽ മാത്യൂസ് ശെമ്മാശ്ശനെയും മിഷനറിമാർ നിർദ്ദേശിച്ചതനുസരിച്ച് പരിഷ്ക്കരിച്ച കുർബ്ബാന തക്സാവച്ച് കുർബ്ബാന ചൊല്ലിയ ഏബ്രഹാം കത്തനാരെയും മെത്രാപ്പോലീത്താ മുടക്കിയിരുന്നു.

വ്യാജശുപാർശകത്തുമായി മെസപ്പെട്ടോമിയയിലെ മർദ്ദീനിൽ എത്തിയ മാത്യൂസ് ശെമ്മാശ്ശൻ മാർ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായെ കണ്ടു. മാത്യൂസ് ശെമ്മാശൻ പ്രകടിപ്പിച്ച അതിവിനയം ശരിയായ വിനയമാണെന്നു തെറ്റിദ്ധരിച്ച് ശെമ്മാശ്ശനെ അത്താനാസ്യോസ് എന്ന പേരിൽ വാഴിച്ച് 1843 ൽ മലങ്കരയിലേക്ക് തിരിച്ചയച്ചു. (മാത്യൂസ് ശെമ്മാശൻ ആയിരുന്നെങ്കിലും മാത്യൂസ് കശ്ശീശാ എന്ന പേരാണ് ശുപാർശകത്തിൽ എഴുതിയിരുന്നത് കാരണം മിഷനറിമാരോടു ചേർന്നതിനാൽ മുടക്കപ്പെട്ട പട്ടക്കാരുടെയും ശെമ്മാശ്ശന്മാരുടെയും പേരുകൾ മോർ ദിവന്നാസ്യോസ് നാലാമൻ പാത്രിയർക്കീസിന് അയച്ചുകൊടുത്തിരുന്നു) അങ്ങനെ മുടക്കപ്പെട്ട പേരുകളിൽ ഒന്ന് മാത്യൂസ് ശെമ്മാശൻ എന്നായിരുന്നു. ഇക്കാര്യം കണ്ടു പിടിക്കാതിരിക്കാനാണ് മാത്യൂസ് കശ്ശീശാ എന്ന പേര് സ്വീകരിച്ചത്.

മലങ്കരയിൽ തിരിച്ചെത്തിയ അത്താനാസ്യോസിന്റെ (പാലകുന്നത്തു മാത്യൂസ് ശെമ്മാശ്ശൻ) സ്താത്തിക്കോൻ വായിച്ചുകേൾക്കുന്നതിനായി കണ്ടനാട് പള്ളിയിൽ കൂടിയ പള്ളിപ്രതിപുരുഷയോഗത്തിന് മാത്യൂസ് ശെമ്മാശ്ശന്റെ മെത്രാൻ സ്ഥാനലബ്ധിയിൽ സംശയം തോന്നി. അതിനാൽ അദ്ദേഹത്തിന്റെ മുൻചരിത്രവും മിഷനറിമാരുമായുള്ള സഹകരണവും വിവരിച്ച് പാത്രിയർക്കീസിന് എഴുതി.

വിഷമത്തിലായ പാത്രിയർക്കീസ് അത്താനാസ്യോസിന്റെ പേരിലുള്ള ആരോപണം പരിശോധിക്കുന്നതിനും ശരിയെന്നു കണ്ടാൽ മുടക്കുന്നതിനും അധികാരപ്പെടുത്തി മാർ കൂറിലോസ് യൂയാക്കിം എന്ന മെത്രാനെ ഇങ്ങോട്ടയച്ചു. 1846 ൽ ഇവിടെ എത്തിയ മാർ കൂറിലോസ് പാലകുന്നത്തിനെതിരെയുള്ള ആരോപണങ്ങൾ ശരിയാണെന്നു മനസ്സിലാക്കുകയും അദ്ദേഹത്തെ മുടക്കുകയും മലങ്കര സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു.

എന്നാൽ തങ്ങളുടെ ലക്ഷ്യസാദ്ധ്യത്തിന് പാലകുന്നം ആണ് ഉതകുക എന്ന് മനസ്സിലാക്കിയ ബ്രിട്ടീഷ് റസിഡന്റ് ജനറൽ കലയനും മിഷണറിമാരും സർക്കാരിനെ സ്വാധീനിച്ചതിനാൽ തർക്കം കേൾക്കുന്നതിനായി രണ്ടു യൂറോപ്യന്മാരും രണ്ട് നാട്ട് ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു പഞ്ചായത്തിനെ തിരുവിതാംകൂർ സർക്കാർ നിയമിച്ചു. 1848 ൽ കൊല്ലത്തുകൂടിയ ഈ കമ്മറ്റി മാർ അത്താനാസ്യോസിന്റെ (പാലകുന്നത്ത്) നിയമനം സാധുവാണെന്നും മാർ കൂറിലോസ് കൊണ്ടുവന്ന മുടക്കു കല്പന വ്യാജമാണെന്നു വിധിച്ചു. പാത്രിയർക്കിസിനാൽ വാഴിക്കപ്പെട്ട ആൾ എന്ന യോഗ്യത ആയിരുന്നു പാലക്കുന്നത്തിന് ഉണ്ടായിരുന്നത്.

മാർ കൂറിലോസ് യൂയാക്കിമിനെതിരെയും മാർ അത്താനാസ്യോസിന് അനുകൂലമായും ഇവിടെ ഉണ്ടായ തീരുമാനം അന്ത്യോഖ്യായിൽ അറിഞ്ഞപ്പോൾ ഏലിയാസ് ദ്വിതീയന്റെ പിൻഗാമിയായ മാർ ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതീയൻ ഇവിടുത്തെ പ്രശ്നങ്ങൾ തീർക്കുന്നതിനായി മാർ അത്താനാസ്യോസ് സ്തേഫാനോസ് എന്ന ഒരു പ്രതിനിധിയെ ഇങ്ങോട്ടയച്ചു. എന്നാൽ ബ്രിട്ടീഷ് റസിഡന്റിന്റെ സ്വാധീനം മൂലം മാർ കൂറിലോസും മാർ സ്തേഫാനോസും തിരുവിതാംകൂറിലും കൊച്ചിയിലും താമസിക്കാൻ പാടില്ലെന്ന നിരോധനം ഉണ്ടായി. മാർ കൂറിലോസ് കൊച്ചികോട്ട പള്ളിയിൽ താമസിച്ചു. മാർ സ്തേഫാനോസ് ഇംഗ്ലണ്ടിൽ ചെന്ന് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ പരാതി കൊടുത്തു. ഡയറക്ടർ ബോർഡ് യോഗം ബ്രിട്ടീഷ് ഗവൺമെന്റിന്റെ സാധാരണ നിയമമായ "മതകാര്യങ്ങളിൽ

പ്രവേശിക്കയില്ല" എന്നുള്ള നയമനുസരിച്ച് റസിഡന്റിന്റെ അനീതിയായ ഉത്തരവിനെ അസ്ഥിരപ്പെടുത്തുകയും അന്ത്യോഖ്യായിൽ നിന്നുവരുന്ന മെത്രാന്മാരെ സ്വീകരിക്കയോ നിഷേധിക്കയോ ചെയ്യുന്ന കാര്യം ഇവിടുത്തെ സഭയുടെ പൂർണ്ണ ഇഷ്ടത്തിനു വിടുകയും ചെയ്തു.

മാർ സ്തേഫാനോസ് മലങ്കരയിലേക്കു തിരിച്ചുവന്നില്ല. മാർ കൂറിലോസിന് (യൂയാക്കിം) നാട്ടിൽ എവിടെയും സഞ്ചരിക്കുന്നതിന് സ്വാതന്ത്ര്യം ലഭിച്ചു. എന്നാൽ ഈസ്റ്റ് ഇൻഡ്യാ കമ്പനി ഡയറക്ടർബോർഡ് ഉത്തരവുണ്ടായിരുന്നിട്ടും ഇവിടുത്തെ റസിഡന്റിന്റെ സ്വാധീനം മൂലം മാർ അത്താനാസ്യോസിനെ ഇവിടുത്തെ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ ആയി അംഗീകരിച്ച് എല്ലാ സുറിയാനിക്കാരും അദ്ദേഹത്തെ അനുസരിച്ചു നടന്നുകൊള്ളണമെന്നും 1852 കർക്കിടകം 15-ാം തീയതി രാജകീയ വിളംബരം ഉണ്ടായി. പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടു എന്ന യോഗ്യതയാണ് ഇവിടെയും പാലക്കുന്നത്തിന് അനുകൂലമായ ഘടകം.

മുടക്കപ്പെട്ടവനായ അത്താനാസ്യോസിന്റെ വിജയം അവിടംകൊണ്ടും അവസാനിച്ചില്ല. 1863 ൽ തിരുവിതാംകൂർ ദിവാൻ പുറപ്പെടുവിച്ച സർക്കുലർഉത്തരവിൽ മെത്രാപ്പോലീത്തായെ എതിർക്കുന്നവർ പട്ടക്കാരായാലും അൽമായക്കാരാലും അവരെ ശിക്ഷിക്കുന്നതിനും പള്ളികളിൽനിന്ന് പുറത്താക്കുന്നതിനും മജിസ്ട്രേട്ടൻമാർക്ക് നിർദ്ദേശം നൽകി. അങ്ങനെ തങ്ങളുടെ പിതാക്കന്മാർ കഷ്ടപ്പെട്ടു പണിയിച്ച പല പള്ളികളും വിശ്വാസികൾക്ക് ഉപേക്ഷിക്കേണ്ടതായും പുതിയവ പണിയിക്കേണ്ടതായും വന്നു കൂടി.

തന്റെ വിജയകാരണം അന്ത്യോഖ്യൻ കൈ വയ്പ് ആണെന്ന് അറിയാമായിരുന്ന പാലകുന്നത്തു മാർ അത്താനാസ്യോസ് ബ്രിട്ടീഷ് മിഷണറിമാരുടെ നവീകരണശ്രമങ്ങളോട് നൂറുശതമാനവും അനുകൂലി ആയിരുന്നുവെങ്കിലും അന്ത്യോഖ്യാ മേലധികാരത്തെ പരസ്യമായി തള്ളിപ്പറയാതെ ജനങ്ങളുടെ അന്ത്യോക്യ ഭക്തിയെ മുതലെടുക്കുന്നതിന് വേണ്ടതൊക്കെ ചെയ്തു. ആരാധനാക്രമങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാതെ ദിവ്യശുശ്രൂഷകളിൽ പാത്രിയർക്കീസിനു വേണ്ടിയുള്ള പ്രാർത്ഥനകൾ കൂടെ ചൊല്ലുകയും പട്ടം കൊടസമയത്ത് തന്നോടും പാത്രിയർക്കീസിനോടും അനുസരണ കാണിക്കുന്ന സത്യപ്രതിജ്ഞയെ ചൊല്ലിക്കുകയും ചെയ്തു. എന്നാൽ വലിയ എതിർപ്പില്ലാത്ത സ്ഥലങ്ങളിൽ പൂർണ്ണമായ നവീകരണം ഏർപ്പെടുത്തുകയും ചെയ്തു. ചുരുക്കത്തിൽ അവസരം പോലെ പ്രവർത്തിക്കുന്നതിന് മടി ഇല്ലാത്ത ആളായിരുന്നു അദ്ദേഹം.

1874 ഫെബ്രുവരി 25-ാം തീയതി പരി.പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവ പാലക്കുന്നത്തുമെത്രാനെക്കുറിച്ച് ഇടവഴിക്കൽ ഫിലിപ്പോസ് കോർ എപ്പിസ്ക്കോപ്പായ്ക്ക് കുസ്തന്തീനോപ്പോലീസിൽ നിന്നും അയച്ച മറുപടി കത്തിലുള്ള താഴെപറയുന്നഭാഗം ശ്രദ്ധേയമാണ്.

"നിങ്ങളുടെ മെത്രാപ്പോലീത്തന്മാർ പട്ടം ഏല്ക്കുന്ന സമയത്തു ചെയ്യുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നില്ല. പട്ടമേൽക്കുന്നതിനു മുമ്പ് വലിയ പരമാർത്ഥികളും വിനീതരുമായി അഭിനയിക്കുന്നു. ഭരണാധികാരത്തിന്റെ വടി പിടിച്ചുപറ്റിയതിനു ശേഷം നിഗളത്തിന്റെ അങ്കിയും അണിയുന്നു. എന്തെന്നാൽ ദ്രവ്യാഗ്രഹം അവരുടെ നിരൂപണങ്ങളെ കുരുടാക്കുന്നു.

(തുടരും)

ബാലദീപം ക്വിസ്

റ്റി. ജെ. ജേക്കബ് തുണ്ടിയിൽ

1. അന്ധകാരവും മേഘവും കൂരിരുളും ഉണ്ടായിരിക്കെ പർവ്വതം ആകാശമദ്ധ്യത്തോളം തീ കത്തിക്കൊണ്ടിരുന്നു. ആ പർവ്വതം ഏത്?
2. അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് മല നിറഞ്ഞിരിക്കുന്നതുകണ്ടതാര്?
3. യെരീഹോ മതിലിന് അടിസ്ഥാനം ഇട്ടപ്പോൾ മരിച്ചതാര്?
4. ഇയ്യോബിനെക്കുറിച്ച് ആദ്യം സാക്ഷ്യം പറഞ്ഞതാര്?
5. വി. വേദപുസ്തകത്തിലുള്ള ഒരു പുരോഹിതന്റെ പേരും കേരളത്തിലുള്ള ഒരു തടി വ്യാപാര കേന്ദ്രത്തിന്റെ പേരും ഒന്നാണ്. ആ പേരെന്ത്?
6. യെരുശലേമിൽ ഒരു പാമ്പിന്റെ (സർപ്പത്തിന്റെ) പേരിലറിയപ്പെടുന്ന ഉറവ ഏത്?
7. 'രാജാവ്' എന്ന പദം ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത് വേദഭാഗം OR വി. വേദപുസ്തകത്തിലെ ഏതു പുസ്തകത്തിൽ?
8. തലമൂടിയും ചെരുപ്പിടാതെയും നടന്ന് കരഞ്ഞുകൊണ്ട് ഒലിവു മലയുടെയും കയറ്റം കയറിയതാര്?
9. 'ഉണർന്നു കരവീൻ' എന്ന് മദ്യപന്മാരോടു പറഞ്ഞ പ്രവാചകൻ ആര്?
10. "കോപം കളഞ്ഞ് ക്രോധം ഉപേക്ഷിക്കുവാൻ" പറഞ്ഞിരിക്കുന്ന സങ്കീർത്തനം ഏത്?

ജനുവരി മാസത്തിലെ ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ

1. യോശുവ 24:15
2. ദാവീദ് 2 ശമു.7:18
3. പീലാത്തോസ് (യോഹ.18:3)
4. 18-ാം സങ്കീർത്തനം
5. ബെനയാവ് (1.രാജ 1:36)
6. പെന്തക്കോസ്തിപെരുന്നാൾ
7. യാക്കോബിന്റെ ലേഖനം (1:1)
8. നഥാനിയേൽ (യോഹ 1:49)
9. രാജഭൃത്യന്റെ മകനെ സൗഖ്യമായി (യോഹ.4:51)
10. ലോത്ത് (2 പത്രോ.2:8)

എല്ലാം ശരിയുത്തരം അയച്ചവർ

ബെൻ ബിനോയി ചെരാറ്റുകളം, നീലംപേരൂർ
ബെവിൻ ബിനോയി ചെരാറ്റുകളം, നീലംപേരൂർ

ക്ഷമ

ഓമന സഖറിയ പുതിയമഠത്തിൽ,യു.എസ്.എ.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അതിശ്രേഷ്ഠമായ ഫലങ്ങളിൽ ഒന്നാണു ക്ഷമ (ഗലാത്യർ 5:22). മനുഷ്യന്റെ ജീവിതിത്തിലെ ആരോഗ്യപരമായ മനോഭാവം ആണ് ക്ഷമ. ക്ഷമിക്കാൻ കഴിയുന്നത് ദൈവീകമാണ്, പുണ്യം ആണ്. ദൈവം നമ്മോടു കാണിച്ച കാരുണ്യത്തിന്റെ കടം വീട്ടലാണ് ദൈവത്തെ ഓർത്ത് ക്ഷമിക്കുന്നത്. മാപ്പു കൊടുക്കാൻ കഴിയുന്നവർക്ക് ദൈവത്തിന്റെ മുഖഛായയാണ്. ജീവിതത്തിൽ നമുക്ക് ചിലപ്പോഴൊക്കെ തോറ്റുകൊടുക്കേണ്ടിവരും. സ്നേഹത്തോടെ തോറ്റുകൊടുക്കുക ബലമുണ്ടായിട്ടും, കഴിവുണ്ടായിട്ടും മാറികൊടുക്കുന്ന ചൈതന്യമാണു ക്ഷമ. ക്ഷമയ്ക്ക് എത്രയോ സാദ്ധ്യതകൾ ഉണ്ട്. ക്ഷമകൊണ്ട് ഓരോ ജീവിതങ്ങളെയും വീണ്ടെടുക്കാൻ കഴിയും. ശത്രുക്കളെപോലും മിത്രങ്ങൾ ആക്കാൻ കഴിയും. അനുദിനജീവിതത്തിൽ നമ്മുടെ ഭാഗത്തു ശരി ഉണ്ടെങ്കിലും ക്ഷമിക്കുന്നത് സ്വർഗ്ഗീയമാണ്. "നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാൻന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (മത്തായി 5:10).

ദൈവത്തോടും, മറ്റുള്ളവരോടും, നമ്മോടും തന്നെയും പരാതിയില്ലാതെ സഹിക്കണം എന്ന് യേശുവിന്റെ ക്രൂശു നമ്മെ പഠിപ്പിക്കുന്നു. എന്തിനു സഹനം എന്നല്ലാ, എങ്ങനെ സഹിക്കണം എന്ന് യേശു നമുക്കു കാണിച്ചു തന്നു. മുറിവുകളുടെ ആകെ തുകയാണല്ലോ ക്രൂശ്. അവനവന്റെ മുറിവുകളെ തിരുമുറിവുകളാക്കുക. യേശു തന്നെ ക്രൂശിൽ തറച്ചവരോടു "ക്ഷമിക്കണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് (ലൂക്കോസ് 23:34) നമുക്കു മാതൃക കാണിച്ചുതന്നു.

"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമെ" (മത്തായി 6:12) ഇതാണല്ലോ യേശു നമ്മെ പഠിപ്പിച്ച പ്രാർത്ഥന. വിശുദ്ധനായ സ്തേഫാനോസ് സഹദായും മരണ സമയത്തു ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗം തുറന്നിരിക്കുന്നതും യേശു ദൈവപിതാവിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും കണ്ടു എന്ന് അപ്പോ:പ്രവൃത്തി 7:56 ൽ കാണുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ ശത്രുക്കളോടു ക്ഷമിക്കുമ്പോൾ സ്വർഗ്ഗം തുറക്കുന്ന അനുഭവം നമുക്കുണ്ടാകും.

ആരെങ്കിലും നമ്മെ മനഃപൂർവ്വം ഉപദ്രവിച്ചാലും ദൈവം അതു നമുക്ക് ഗുണകരമാക്കിത്തീർക്കും. ''യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിക്കുവിൻ (പുറ.14:14). ബൈബിളിൽ പഴയനിയമത്തിലെ ജോസഫ് തന്റെ സഹോദരങ്ങൾ തന്നോടു ചെയ്ത ദുഷ്ടത എല്ലാം മറക്കാൻ ശ്രമിച്ചുകൊണ്ട് തന്റെ മകനു "മനശ്ശെ" (മറക്കുക) എന്നു പേർ വിളിച്ചു. തനിക്കും, അവർക്കും ഗുണപരമല്ലാത്ത ഓർമ്മകൾ മറന്ന് മാപ്പുകൊടുക്കാൻ കഴിഞ്ഞതുകൊണ്ട് ദൈവം ജോസഫിനു എല്ലാം നന്മയാക്കിത്തീർത്തു. ''അവർ അവന്റെ നേരേ ദോഷം വിചാരിച്ചു. ദൈവമോ അതിനെ ഗുണമാക്കിത്തീർത്തു (ഉല്പ.50:20) "ശത്രുവിനു വിശക്കുന്നു എങ്കിൽ അവനു തിന്നുവാൻ കൊടുക്കുക. ദാഹിക്കുന്നു എങ്കിൽ കുടിക്കുവാൻ കൊടുക്കുക. അങ്ങനെ നീ അവന്റെ തലമേൽ തീക്കനൽ കത്തിക്കും. യഹോവ നിനക്കു പ്രതിഫലം നൽകുകയും ചെയ്യും (സദൃശ. 25:21-22).

യേശു ദാനമായി തന്ന പാപക്ഷമ സ്വീകരിച്ച നമുക്ക് പ്രതികാര ചിന്ത പാടില്ല. ആന്തരീകസൗഖ്യവും സമാധാനവും ലഭിക്കാൻ മുറിവുകളേൽപ്പിച്ചവർക്കുവേണ്ടി ക്ഷമിച്ചു പ്രാർത്ഥിക്കണം. നമ്മുടെ കടക്കാരോട് ക്ഷമിക്കാഞ്ഞാൽ നമുക്ക് മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെടും. ആന്തരിക സംഘർഷങ്ങൾ ഉണ്ടാകും. ഉറക്കം കിട്ടാതെവരും. മനസ്സിന്റെ കടഭാരങ്ങൾ എത്രയും വേഗം ഇറക്കിവച്ചാൽ അത്രയും നല്ലത്. അനുദിനജീവിതത്തിൽ ജീവിതാവസാനം ബന്ധങ്ങളുടെ കണ്ണികൾ വിട്ടുപോകാതിരിക്കണമെങ്കിൽ ക്ഷമയുണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ.

ആന്തരീകസൗഖ്യം അനുഭവിക്കുന്നവർ ആരോഗ്യപരമായ മനോഭാവം വച്ചുപുലർത്തും."നിന്നെപ്പോലെ തന്നെ നിന്റെ കൂട്ടുകാരനേയും സ്നേഹിക്കണം" എന്നാണല്ലോ ദൈവകല്പന. നമുക്കു നമ്മോടുതന്നെ സ്നേഹം വേണം, മറ്റുള്ളവരോടും വേണം, ദൈവത്തോടും വേണം ക്രൈസ്തവരായ നമുക്ക് എല്ലാവരോടും ക്ഷമിക്കാനുള്ള കൃപയ്ക്കായി ദൈവത്തിന്റെ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കാം.

വിവാഹ ഒരുക്ക സെമിനാർ

2018 ഏപ്രിൽ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 12, 13, 14 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പു തന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

Fr. Thomas Abraham, Malayasseril
(Director)
Ph: 0469-2608155, 9447411554

Fr. Shaji Jacob, Puthenpurackal
(Secretary)
Ph: 9446986780

തിരുത്ത്

കഴിഞ്ഞലക്കം കാൽപാടുകളിൽ 'വന്ദേമാതരം' എഴുതിയ ബങ്കിംചന്ദ്രചാറ്റർജി എന്ന് തിരുത്തി വായിക്കാനപേക്ഷ

ഡോക്ടറേറ്റ് ലഭിച്ചു

റാന്നി ഐത്തല സെന്റ് കുറിയാക്കോസ് പള്ളി ഇടവകയിൽപ്പെട്ട തൃപ്പൂണ്ണിത്തറ മൂഴിക്കൽവാലേൽ അരുൺ ജോസഫിന്റെ ഭാര്യ പിറവം ബസേലിയോസ് പൗലോസ് കോളജിൽ അസോസിയേറ്റ് പ്രഫസർ **മഞ്ജു ഏബ്രഹാം** എം. ജി. സർവ്വകലാശാലയിൽ നിന്നും ഇലക്ട്രോണിക്സിൽ പി. എച്ച്.ഡി നേടി. കറ്റോട് സെന്റ് മേരീസ് പള്ളി ഇടവകയിൽ കുന്നിരിക്കൽ ഏബ്രഹാം കെ. കുര്യന്റെയും മോളി ഏബ്രഹാമിന്റെയും മകളാണ്.

മക്കൾ – ജെറിക്, ജെസറിക്

ചിങ്ങവനം തൈപ്പറമ്പിൽ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

വിവാഹിതരായി

കട്ടപ്പന സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പാറത്താഴെ തോമസ് പീറ്ററിന്റെയും രമണി തോമസിന്റെയും മകൻ **ഷിനോയും** കട്ടപ്പന സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ മാമലശ്ശേരിൽ എം.സി ഫിലിപ്പിന്റെയും സാലി ഫിലിപ്പിന്റെയും മകൾ **സ്നേഹിയും** തമ്മിലുള്ള വിവാഹം 2018 ജനുവരി 11-ാം തീയതി കട്ടപ്പന സെന്റ് മേരീസ് ക്നാനായ പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

ആശംസകളോടെ

ഷിജോ, ഷിയ, ലിബു & ഒവിയ

Advt - R

വിവാഹിതരായി

പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് ഇടവകയിൽ പേരൂത്രയിൽ പരേതനായ മോഹൻ മാത്യുവിന്റെയും ലെനിയുടെയും മകൻ **ജിതിൻ മോഹനും** കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളി ഇടവകയിൽ കുറ്റിയിൽ അലക്സാണ്ടർ അലക്സിന്റെയും ജെസ്സിയുടെയും മകൾ **നിമി അലക്സും** തമ്മിലുള്ള വിവാഹം 2018 ജനുവരി 6ന് ശനിയാഴ്ച പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

Advt - O

വിവാഹിതരായി

തിരുവൻ വണ്ടൂർ St. Mary's ക്നാനായ പള്ളി ഇടവകയിൽ ആശാൻപറമ്പിൽ കുഞ്ഞുമോന്റെയും അച്ചാമ്മക്കുട്ടിയുടെയും മകൻ **പുന്നൂസ് ഏബ്രഹാമും** റാന്നി St. Thomas വലിയ പള്ളി ഇടവകയിൽ വടക്കേമണ്ണിൽ Joseph Joseph ന്റെയും Joys Joseph ന്റെയും മകൾ **അഖിലമോൾ ജോസഫു**മായുള്ള വിവാഹം അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും കാർമ്മികത്വത്തിൽ February 1-ാം തീയതി വ്യാഴാഴ്ച തിരുവൻ വണ്ടൂർ St. Mary's ക്നാനായ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

Advt - R

താങ്കളുടെ വീടിനും, ഓഫീസിനും
മോടി കൂട്ടുവാൻ ബനാറസ് കാർപറ്റുകൾ...
കടയിൽ നിന്നും ലഭിക്കുന്നതിലും
ആദായ വിലയിൽ ഇപ്പോൾ ലഭ്യമാണ്.
വിളിക്കേണ്ട നമ്പർ
ജേക്കബ് കല്ലിശ്ശേരി - 9947446273 whatsapp

പ്രശസ്ത വിജയം

M.G. Universityയിൽ നിന്നും B.Tech (A.E)ൽ 2-ാം റാങ്ക് കരസ്ഥമാക്കിയ **അലു തോമസ്**. കല്ലിശ്ശേരി വലിയപള്ളി ഇടവകയിൽ കുഴികണ്ടത്തിൽ സാബുവിന്റെയും ബിനുവിന്റെയും മകളാണ്.

25th Wedding Anniversary

18 – 02 – 2018

REJI KURIAN & MINIMOL REJI

Plamparampil, Kurichy

With Love & Prayers
Silla, Soniya, Allwin & Arrown

Advt - R

വിവാഹിതരായി

ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളി ഇടവകയിൽ വടക്കേ ത്തലക്കൽ വി.ടി. ചാണ്ടിയുടെയും ലിസി ചാണ്ടിയുടെയും മകൾ **ലിൻസി ചാണ്ടിയും** തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കിഴക്കേ മുണ്ടക്കൽ എം.സി കുര്യാക്കോ സിന്റെയും ലീലാമ്മ കുര്യാക്കോസിന്റെയും മകൻ **തോമസ്കു ട്ടിയും** തമ്മിലുള്ള വിവാഹം 2017 ഒക്ടോബർ 21–ന് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ കുറിലോസ് (നിരണം ഭദ്രാസനം) മെത്രാ പ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി വച്ച് നടന്നു.

Advt - O

മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കീളാത്ര സണ്ണി ജേക്കബിന്റെയും സുജ സണ്ണിയുടെയും മകൻ **റ്റിബിൻ സണ്ണിയും** കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ കൊച്ചമ്പാട്ട് ഇട്ടി പുന്നൂസിന്റെയും ത്രേസ്യാമ്മ ഇട്ടി യുടെയും മകൾ **റിയ ഇട്ടിയും** തമ്മിലുള്ള വിവാഹം 2018 ജനുവരി 8 ന് മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ അഭിവന്ദ്യ സഖറിയാസ് മോർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

വിവാഹിതരായി

ചാന്നാനിക്കാട് സെന്റ് മേരീസ് ജറുസലേം പള്ളി ഇടവകയിൽ കാരിമറ്റത്തിൽ ചാക്കോച്ചന്റെയും മോളമ്മയുടെയും മകൻ **നിതിനും** തിരുവൻ വണ്ടൂർ സെന്റ് മേരീസ് പള്ളി ഇടവകയിൽ വടക്കേലയ്യത്തു ബേബിച്ചന്റെയും ജിഷയുടെയും മകൾ **നിഖിതയും** തമ്മിലുള്ള വിവാഹം 2018 ജനുവരി 6-ാം തീയതി ചാന്നാനിക്കാട് സെന്റ് മേരീസ് പള്ളിയിൽ അഭിവന്ദ്യ ഐസക്ക് മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

40-ാം ചരമദിനം
04-03-2018

മാത്യു ചാക്കോ (മാത്തുക്കുട്ടി)

3-ാം ചരമ വാർഷികം
25-03-2018

ചിന്നമ്മ മാത്യു (പെണ്ണമ്മ)

പതിപ്പറമ്പിൽ (കാട്ടക്കുഴിയിൽ) വാകത്താനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt - R

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവക വക കോർപ്പറേറ്റ് സ്കൂളുകളുടെ ഭാരവാഹികൾ 2018 - 2021

(പ്രസിഡന്റ്)
ഫാ. രാജൻ ഏബ്രഹാം
കുളമടയിൽ

മാനേജർ
സഖറിയ സ്റ്റീഫൻ
(വിനു മുണ്ടുകോട്ടയ്ക്കൽ)

സെക്രട്ടറി
ജേക്കബ് ഏബ്രഹാം
(അജു വളഞ്ഞൻതുരുത്തിൽ)

ട്രസ്റ്റി
ഏബ്രഹാം കെ. സി
(കുഞ്ഞവറാച്ചൻ കല്ലംപറമ്പിൽ)

ആലിച്ചൻ ആറൊന്നിൽ

അലക്സ്. സി. ഇടിക്കുള
(അലക്സ് ളാഹയിൽ)

ജോസഫ് കുറിയാക്കോസ്
(ലാജി ചാലുപറമ്പിൽ)

തോമസ് പി. മാത്യു
(തോമസുകുട്ടി പുത്തൻപുരയ്ക്കൽ)

എബി ഫിലിപ്പ്
(എബി പുതുവീട്ടിൽ)

Advt -S

ദൈവം തന്നതല്ലാതെ എന്തുണ്ട് നമ്മുടെ കൈയ്യിൽ

സിജോ ജോസ് വിലങ്ങൻപാറ, വാകത്താനം

പ്രശ്നങ്ങൾ നേരിടുമ്പോഴും കാര്യസിദ്ധിയ്ക്കും മനുഷ്യൻ ഇന്ന് പ്രാർത്ഥനകേന്ദ്രങ്ങൾതോറും ഓടി നടക്കുന്നു. പ്രശ്നങ്ങൾ ഉണ്ടാവുന്നതിനുമുമ്പും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട ശേഷവും കാര്യങ്ങൾ നേടുന്നതെല്ലാം സ്വന്തം മിടുക്കും അദ്ധ്വാനവുകൊണ്ടുമാണെന്ന ചിന്തയിൽ മാത്സര്യത്തോടെ മുന്നോട്ടു ജീവിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയും, ധ്യാനവുമെല്ലാം ആവശ്യത്തിനുമതി അമിത ഭക്തി കള്ളത്തരമാണ് ജീവിതം കുറച്ചേയുള്ളു അത് അടിച്ചു പൊളിച്ചു നടക്കാനുള്ളതാണ് അല്ലെങ്കിൽ മണ്ടത്തരമാണ് Social status നേടണമെങ്കിൽ അതനുസരിച്ച് അദ്ധ്വാനവും പരിശ്രമവും വേണം. കൂട്ടുകെട്ടുകൾ ഉണ്ടാക്കണം ഇവ്വണ്ണമാണ് ഭൂരിഭാഗം വ്യക്തികളും ചിന്തിക്കുന്നത്. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു അന്തിമമായ തീരുമാനം നടപ്പിലാക്കുന്നത് കർത്താവാണെന്നുള്ളതും അവനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ലായെന്നും (സങ്കീ.34:10) അവിടുന്ന് അഗതിയേയും ദരിദ്രനേയും പ്രഭുക്കന്മാരോടു സമമാക്കുന്നവനുമാണെന്ന് (സങ്കീ.113:7-8) ചിന്തിക്കാതെ സ്വന്തം യുക്തിയിലും ബുദ്ധിയിലും ആശ്രയിച്ച് വ്യഥാ പരിശ്രമിക്കുകയും മത്സരിക്കുകയും മർക്കട മുഷ്ടികൾ കാണിക്കുകയും ചെയ്യുന്നു. പ്രാർത്ഥന കൂട്ടായ്മകളിലും സഭാ നേതൃത്വത്തിലുമുള്ള മഹത് വ്യക്തികൾപോലും സകലതും ദൈവത്തിനു സമർപ്പിച്ചു ജീവിക്കാനോ അധികാര സ്ഥാനമാന സ്വത്തു വ്യവഹാരങ്ങളിൽനിന്നു വിട്ടു നിൽക്കാനോ പലപ്പോഴും ശ്രമിക്കുന്നില്ല സ്വയം ലജ്ജിതരാവുന്നു.

ഈ നാളുകളിൽ സൗന്ദര്യവും, ഉന്നത വിദ്യാഭ്യാസവും, ആരോഗ്യവും, സാമ്പത്തിക ചുറ്റുപാടുകളും, സ്വാധീനങ്ങളും, പാരമ്പര്യവും, പ്രൗഢിയും, ഭാവിയുമുള്ള എത്രയോ, ചെറുപ്പക്കാർ നിനയ്ക്കാത്ത നേരത്തു രോഗാതുരമാവുന്നതും, അപകടങ്ങളിൽപ്പെടുന്നതും, വാങ്ങിപോവുന്നതും നാം കാണുന്നു. എന്നാൽ ഒട്ടും പ്രതീക്ഷിക്കാത്ത അവഗണിക്കപ്പെട്ട വ്യക്തികൾ മുമ്പോട്ടു വരുന്നതും നേട്ടങ്ങൾ കൊയ്യുന്നതും നമ്മുടെ കണ്ണുകൾകൊണ്ട് നാം കാണുന്നു.

അന്തിമകാല ലക്ഷണമെന്നോണ്ണം നാം അറിയാതെ തന്നെ പൈശാചിക പ്രവർത്തനങ്ങൾ നമ്മുടെ മേഖലകളിലേക്കു കടന്നു വരുന്നുണ്ട്. പല പ്രശസ്ത ധ്യാനകേന്ദ്രങ്ങളുടേയും സമാനത തോന്നിയ്ക്കുന്ന പേരിൽ Face Book ലും മറ്റു നൂതന Social media കളിലും സാത്താൻ സേവക്കാരും ഗ്രൂപ്പുകൾ ഉണ്ടാക്കിയിരിക്കുന്നു. തെറ്റിദ്ധരിക്കപ്പെട്ടു നാം ചിലപ്പോൾ ജോയിൻ ചെയ്യപ്പെടുന്നത് ഈ ഗ്രൂപ്പുകളിലായിരിക്കും. ദൈവാശ്രയവും പരിശുദ്ധാത്മാവിന്റെ സംരക്ഷണവുമില്ലെങ്കിൽ വീണു പോയതുതന്നെ. പ്രത്യക്ഷത്തിൽ നമ്മൾക്കു മനസ്സിലാകാത്തതും സൂക്ഷിച്ചു നോക്കിയാൽ മാത്രം പിടികിട്ടുന്നതുമായ യേശുക്രിസ്തുവിനെ അവഹേളിക്കുന്നവിധം symbol കളും കളിപ്പാട്ടങ്ങളും, വസ്ത്രങ്ങളും ആഭരണങ്ങളും, വസ്തുക്കളും നാം അറിയാതെ തന്നെ മാർക്കറ്റിലൂടെ മൂവ് ചെയ്യപ്പെടുന്നത് പലതും നാം അറിയാതെ ഉപയോഗിക്കുന്നുണ്ട്.

വെല്ലുവിളികൾ ഏറെയുള്ള ഇങ്ങനെയുള്ള ലോകത്ത് ദൈവത്തെ മുറുക്കെ പിടിച്ചല്ലാതെ നമ്മുക്ക് മുന്നോട്ട് പോവാൻ സാധിക്കുകയില്ല. നൂതന മാധ്യമങ്ങളിലൂടെയും അല്ലാതെയും കടന്നു വരുന്ന കൂട്ടുകെട്ടുകളും, ഗ്രൂപ്പുകളും പലരേയും അവിഹിതങ്ങളിലേയ്ക്കും, ലഹരി വസ്തുക്കളുടെ അടിമത്തത്തിലേയ്ക്കും, സഭയും പാരമ്പര്യങ്ങളും ഉപേക്ഷിക്കുന്നതിലേക്കും നയിക്കുന്നു.

സ്ഥാനമാനങ്ങൾ നേടാനും കൂടുതൽ connections സമ്പാദിക്കാനും business വളർത്താനും, politically ശക്തിയാവാനും സമൂഹത്തിലും സമുദായത്തിലും കുടുംബങ്ങളിലും ഗ്രൂപ്പുകൾ ഉണ്ടാക്കുകയും പരസ്പരം പോരടിച്ചു ഒരിക്കലും മായ്ക്കാൻ പറ്റാത്ത മുറിവുകൾ ഉണ്ടാക്കി ദൈവസാന്നിദ്ധ്യം സ്ഥിരമായി നഷ്ടപ്പെടുത്തി നാം ഓരോരുത്തരും സ്വയം കുഴി തോണ്ടികൊണ്ടിരിയ്ക്കുകയാണ്. പുതിയ നിയമത്തിലുടനീളം യേശുക്രിസ്തു കടന്നു വരുന്നിടത്തെല്ലാം ജനങ്ങൾ തടിച്ചു കൂടുന്നതായും നിരവധി രോഗസൗഖ്യങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതായി നമ്മുക്ക് കാണാം. അതുപോലെ നമ്മുടെ ജീവിതങ്ങളിലേയ്ക്കും, കുടുംബങ്ങളിലേയ്ക്കും, സഭയിലേയ്ക്കും യേശുക്രിസ്തുവിനു കടക്കാവുന്നവിധം വിശുദ്ധിയും ഒരുക്കവും കാണിച്ചാൽ പ്രകടമായ മാറ്റങ്ങൾ നമ്മളിൽ ഉണ്ടാവുകയില്ലേ! ലൂക്കോസ് 6-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതുപോലെ നമ്മൾ മനസ്സലിവുള്ളവരും മറ്റുള്ളവരിൽനിന്നും എന്ത് പ്രതീക്ഷിക്കുന്നുവോ അപ്രകാരം മറ്റുള്ളവർക്ക് സഹായവും സ്നേഹവും നൽകുന്നവരും ആരെയും വിധിക്കാതെ പാറമേൽ അടിസ്ഥാനമിട്ട വീടു പണിയുന്ന മനുഷ്യനെപോലെ കേൾക്കുന്ന വചനങ്ങൾ ആഴത്തിൽ ഗ്രഹിച്ചു നാം ഉൾപ്പെടുന്നതും നമ്മൾക്കു കഴിയുന്നതുമായ എല്ലാ മേഖലകളിലേയ്ക്കും ഇറങ്ങി ചെന്നു സത്യദൈവമായ യേശുക്രിസ്തുവിന്റെ സാക്ഷിയാവാനും അവന്റെ സുവിശേഷം പരമാവധി നമ്മളാൽ കഴിയുന്നവിധം വ്യാപിപ്പിക്കാനും നമ്മൾക്കും കഴിയുകയില്ലേ! നമ്മൾ ഓരോരുത്തർക്കും നമ്മുടെ ജീവിതത്തിൽ ദൈവം തന്നതല്ലാതെ അവന്റെ ദാനമല്ലാതെ സ്വന്തമായി നേടിയതാണെന്നു അവകാശപ്പെട്ടാൽ നമ്മുടെ ഈ നിമിഷം വരെയുള്ള ശ്വാസം ഉൾപ്പെടെ എന്തെങ്കിലുമുണ്ടോ! ആയതിനാൽ പ്രിയപ്പെട്ടവരെ ക്രിസ്തുവിന്റെ നാമധാരികളായ ക്രിസ്ത്യാനികളായ നാം ഓരോരുത്തരും നമ്മളിലൂടെ നമ്മെ വിലയിരുത്തുന്ന ലോകത്തിന്റെ മുമ്പിൽ അവന്റെ നാമം ഉയർത്താനാണോ താഴ്ത്താനാണോ ഓരോ നിമിഷങ്ങളിലും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമെന്ന് ഒരു നിമിഷം വിലയിരുത്താം.

വായന കുറയുന്നു, പുസ്തകം മരിക്കുന്നു!

പ്രൊഫ. ടോണി മാത്യു

ശുഭാപ്തി വിശ്വാസമില്ലാത്ത ചിലർ ഏറെക്കാലമായി നടത്തുന്ന ജല്പനമാണ് വായന കുറയുന്നു, പുസ്തകം മരിക്കുന്നു! ഈ ലോകത്ത് മരിക്കാത്തതായി എന്തെങ്കിലുമുണ്ടെങ്കിൽ അതു പുസ്തകമായിരിക്കും എന്ന് നമുക്കു വിശ്വസിക്കാം. This is not the end of the book എന്ന ഗ്രന്ഥത്തിൽ ഉമ്പർട്ടോ എക്കോയും ജീൻക്ലോഡ് കരിയറും പറയുന്നതു കേൾക്കു. E-Reading തുടങ്ങിയ നവീന മാധ്യമങ്ങൾ വന്നാലും പുസ്തകം മരിക്കില്ല. വിവര സാങ്കേതിക വിദ്യയുടെ മഴവെള്ളപ്പാച്ചിലിലും അച്ചടി പുസ്തകങ്ങൾ നിലനിൽക്കും. സിനിമ, റേഡിയോ ടെലിവിഷൻ, ഇന്റർനെറ്റ് ഇവയക്കൊന്നും പുസ്തകത്തെ ഇല്ലാതാക്കാനാവില്ല. സംസ്ക്കാരത്തിന്റെ സംരക്ഷകർ പുസ്തകങ്ങളാണ് വിചാരവികാരങ്ങളുടെ ഹെർബേറിയമാണ് ഗ്രന്ഥങ്ങൾ!

മാനവസംസ്ക്കാരത്തിന്റെ കലവറ പുസ്തകങ്ങളാണെന്നു വിശ്വസിക്കുന്ന നിക്കോൾ ഹൊവാർഡ് അക്കഥ പറയുന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട് The Book-lifestory of a Technology. നൂറ്റാണ്ടുകളായി വളർന്നുവന്ന എഴുത്തിന്റെയും വായനയുടെ കഥ പറയുന്ന അദ്ദേഹം പുസ്തകത്തിന്റെ പരിണാമ ചരിത്രവും വിശദമാക്കുന്നുണ്ട്. പുൽച്ചുരുൾ പുസ്തകം മുതൽ ഇലക്ട്രോണിക് (ഇ-പുസ്തകം) പുസ്തകം വരെയുള്ള കഥയാണത്. 15-ാം നൂറ്റാണ്ടിൽ ഗുട്ടൻ ബർഗ് (ജർമ്മനി) അച്ചടിയന്ത്രം കണ്ടുപിടിച്ചതാണ് പുസ്തക ചരിത്രത്തിലെ മഹാത്ഭുതം. അറിവിനെ സംരക്ഷിക്കാൻ മനുഷ്യനു കഴിഞ്ഞു. അതിരുകളില്ലാത്ത അറിവാഗ്രഹിക്കുന്നവർ പുസ്തകങ്ങളെ തേടിച്ചെല്ലും. അതിനോടു സംസാരിക്കും സല്ലപിക്കും അന്തിയുറങ്ങും. ഒരിക്കലും ചതിക്കാത്ത ചങ്ങാതികളാണ് പുസ്തകങ്ങളെന്ന് സോക്രട്ടീസ് പണ്ടേ പറഞ്ഞു വച്ചിട്ടുണ്ട്.

പുസ്തക പുഴുക്കളും പുസ്തകപൂമ്പാറ്റുകളും ഉള്ളതുപോലെ പുസ്തകഭ്രാന്തന്മാരുമുണ്ട്. ആശയമൊന്നും ഗ്രഹിക്കാതെ പുസ്തകം വായിക്കുന്നവരാണ് പുഴുക്കൾ. പുസ്തകത്തിലെ നന്മയെ ഉൾക്കൊള്ളുന്നവരാണ് പൂമ്പാറ്റകൾ. പുസ്തകം മോഷ്ടിക്കുന്നവരെ പുസ്തകക്കള്ളന്മാരെന്നോ, പുസ്തക ഭ്രാന്തന്മാരെന്നോ വിളിക്കാം. അത്തരം ചില 'മാന്യന്മാരായ ഭ്രാന്തരെ' കാണണമെങ്കിൽ, നിക്കോളാസ് ബാസ്ബാനസിന്റെ The Gentle Madness എന്ന പുസ്തകത്തിന്റെ കവാടം തുറന്നു നോക്കിയാൽ മതി. പുസ്തകം മോഷ്ടിക്കാനാവാത്ത ഒരു ദിവസത്തെക്കുറിച്ചുപോലും ചിന്തിക്കാനാവാത്ത സ്റ്റീഫൻ ബ്ലൂംബർഗിനെ അവിടെ കാണാം. 286 ലൈബ്രറികൾ കയറിയിറങ്ങി 2300 പുസ്തകങ്ങളാണ് മോഷ്ടിച്ചത്. 20 മില്യൺ ഡോളർ വിലവരുമെന്ന് കണക്കാക്കുന്നു! തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയിൽനിന്നും മഹാകവി എം.പി. അപ്പന്റെ പരിഭാഷയോടുകൂടി 'ദബായിയാത്ത്' മോഷ്ടിച്ച എനിക്ക് ബ്ലൂംബർഗിനോട് അസൂയയാണ്. ബനിയനകത്താക്കിയാണ് അതു പുറത്തു കടത്തിയത്. ദൃക്സാക്ഷികളൊന്നുമില്ലാതിരുന്നതിനാൽ ആ തൊണ്ടി മുതൽ ഇന്നും കൈവശമുണ്ട്.

മോഷ്ടാക്കളല്ലാത്ത പുസ്തക ഭ്രാന്തന്മാരുണ്ട്. ഷേക്സ്പിയർ കൃതികളുടെ സമാഹാരത്തിന് 21 ലക്ഷം ഡോളർ മുടക്കിയ വ്യക്തിയെ പുസ്തക പ്രേമിയെന്നോ പുസ്തക ഭ്രാന്തനെന്നോ വിളിക്കേണ്ടത്? അങ്ങനെയൊരാൾ ഉണ്ടായിരുന്നു എന്ന് ഈ പുസ്തകം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 'ഡോൺക്വക്സോട്ടിന്റെ പഴയ രണ്ടു ലക്കങ്ങൾക്കായി 16 ലക്ഷം ഡോളർ മുടക്കി. മറ്റൊരാൾ തന്റെ ശവപേടകത്തിൽ വെയ്ക്കേണ്ട പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കി വെച്ചയാളാണ്. സർതോമസ് ബ്രൗൺ. പ്രസിദ്ധ കൃതികളുടെ കൈയെഴുത്തു പ്രതികളോ ആദ്യം അച്ചടിച്ച പ്രതികളോ ലഭിക്കാനായി കോടികൾ മുടക്കുന്നവരുമുണ്ട്. പുസ്തക ശേഖരത്തിൽ വെന്തു മരിച്ചത് 1902 ൽ സാഹിത്യ നോബൽ സമ്മാനം നേടിയ തിയോ സർമോംമസനാണ്. മുകൾ തട്ടിൽനിന്നും പുസ്തകം തപ്പിയെടുക്കുമ്പോൾ വിളക്കു തട്ടി മറിഞ്ഞ് തീ പിടുത്തമുണ്ടായി. പുസ്തകഭിനിവേശം വിസ്മയകരം

സിമോൺ വിഞ്ചസ്റ്ററുടെ The Professor and the Madman എന്ന കൃതി ഗ്രന്ഥരചനയുടെ മറ്റൊരത്ഭുത ചരിത്രമാണ് പറയുന്നത്. ഇപ്പോൾ 20000 പേജും 20 വാല്യങ്ങളുമുള്ള The oxford English Dictionary യുടെ ഒരു പിന്നാമ്പുറക്കഥ ഇതിലുണ്ട്. 1857ൽ ശ്രമമാരംഭിച്ച്, 1884 ൽ പ്രസിദ്ധീകരണം തുട

ലോകമെമ്പാടുമുള്ള നൂതന പരിഷ്കാരങ്ങളും നിയന്ത്രണങ്ങളും (നോട്ടു നിരോധനം, curency less Economy, ആധാർ ബന്ധിപ്പിക്കലുകൾ, G.S.T. പുതിയ വാക്സിനുകളുടെ കടന്നുകയറ്റം, വിദേശ ഏജൻസികളുടെ ഭീമമായ ലോണുകളും ഫണ്ടുകളും ഉൾപ്പെടെയുള്ളവ) ഒരു ഏക ഭരണാധികാരിയ്ക്കു പിടിമുറുക്കാൻ പറ്റുന്ന വിധത്തിലാണോ ലോകം പോകുന്നതെന്നും വെളിപ്പാട് 13 അദ്ധ്യായം 16 മുതൽ 18 വരെ പറയുന്നതുപോലെ വലം കൈ മേലോ നെറ്റിയിലോ മൃഗത്തിന്റെ മുദ്ര നാം അറിയാതെ നിർബന്ധിതമായി പതിയാൻ ഇടയാവുന്ന വിധം ക്രമീകരണങ്ങൾ നടക്കുന്നുണ്ടോയെന്നു പലപ്പോഴും സംശയിക്കുന്നു. വെളിപ്പാട് 12-ാം അദ്ധ്യായം 7-ാം വാക്യത്തിൽ പറയുന്നതുപോലെ മീഖായേൽ മാലാഖയുടെയും പരിശുദ്ധ കന്യകമറിയത്തിന്റെയും പരിശുദ്ധന്മാരുടെയും ആശ്രയവും മദ്ധ്യസ്ഥതയും പ്രാർത്ഥനയും തേടുകയും , നിരന്തര കുമ്പസാരം, വി. കുർബ്ബാന അനുഭവങ്ങളിലൂടെ നാം പോകുന്ന വഴിയിലും ചിന്തിക്കുന്ന വീഥികളിലും തിരു രക്തം കോട്ട കെട്ടി തരാൻ ദൈവത്തോടു നമ്മുക്കപേക്ഷിക്കാം. 91-ാം സങ്കീർത്തനം സംരക്ഷണത്തിനായി എപ്പോഴും ചൊല്ലാം. ദൈവം തന്നതെല്ലാം എളിമയോടെ അവന്റെ നിയന്ത്രണത്തിനായി ഏൽപ്പിച്ചു കൊടുത്തു മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കാം അപ്പോൾ മർക്കോസ് 16:17-18 പ്രകാരം വിശ്വാസത്താൽ ഭൂതങ്ങളെ പുറത്താക്കാനും മരണഹാനിയിൽനിന്നു രക്ഷ നേടുകയും ചെയ്യാൻ ദൈവം അനുഗ്രഹിക്കും.

ങ്ങിയ ഡിക്ഷണറിയുടെ ആദ്യത്തെ എഡിറ്റർ പ്രൊഫസർ ജോൺ മ്യൂർ ആയിരുന്നു. ശബ്ദതാരാവലിയിൽ ചേർക്കാനായി വാക്കുകളും ശൈലികളും മറ്റും സ്വീകരിക്കുന്നതിനായി അദ്ദേഹം പരസ്യം കൊടുത്തു. ഡോ. വില്യം ചെസ്റ്റർ മിനോർ രചനയെ കാര്യമായി സഹായിച്ചു. ധാരാളം വാക്കുകളും അർത്ഥവും ശൈലികളും അദ്ദേഹത്തിൽനിന്നു ലഭിച്ചു. ലുപ്തപ്രചാരങ്ങളായിരുന്ന പദങ്ങളും ശൈലികളും അവയിലുണ്ടായിരുന്നു.

സന്തോഷ സൂചകമായി ഡോക്ടറെ ഓക്സഫഡിലേക്ക് ക്ഷണിച്ചു. ക്ഷണം നിരസിച്ച അദ്ദേഹത്തെ കണ്ടേ മതിയാവൂ എന്ന ആഗ്രഹത്തിൽ പ്രഫസർ, Bradmoor (riminal Lunatie Assaylam) എന്ന വിലാസം കണ്ടുപിടിച്ചവിടെയെത്തി. ഡയറക്ടറെകണ്ട് കാര്യം പറഞ്ഞപ്പോൾ ലഭിച്ച മറുപടി ഇതായിരുന്നു. അദ്ദേഹം ഇവിടെ ഉണ്ട്. ഇരുപതു വർഷമായി ഞങ്ങളുടെ ഭ്രാന്താലയത്തിലെ രോഗിയാണ്. ഒരു കൊലപാതകവും ചെയ്തിട്ടുണ്ട്. അമേരിക്കൻ സൈന്യത്തിലെ സർജനായിരുന്ന ഡോക്ടർ, ആരോ തന്നെ കൊല്ലാൻ വരുന്നു എന്ന പേടിയിൽ ഒരു വഴിയാത്രക്കാരനെ വെടിവെച്ചു കൊന്നു. അങ്ങനെ ഈ ഭ്രാന്താശുപത്രിയിൽ വന്നു. എപ്പോഴും വായിച്ചുകൊണ്ടിരിക്കും.

പുസ്തകങ്ങളെക്കുറിച്ച് ഇനി എന്തെല്ലാം അത്ഭുതകഥകളുണ്ട്. ചിലത് അവിശ്വസനീയമായി തോന്നും! ഡോക്ടർ ജോൺസൺ പുസ്തകങ്ങളെക്കുറിച്ച് പറഞ്ഞിതങ്ങനെ: ഞാനാർക്കും പുസ്തകം കടം കൊടുക്കുകയില്ല. കാരണം, എന്റെ ലൈബ്രറിയിലെ പുസ്തകങ്ങളെല്ലാം മറ്റുള്ളവരോട് കടം വാങ്ങിയതാണ്. ഒരു ഭാരതീയാചാര്യന്റെ മൊഴികൂടി കേൾക്കൂ.

പുസ്തകം വനിതാ വിത്തം
പരഹസ്ത ഗതം ഗതം
അഥവാ പുനരാഗച്ഛേൽ
ജീർണാ ദുഷ്ടാചഖണ്ഡശഃ

പുസ്തകവും സ്ത്രീയും പണവും കൈവശമായാൽ പോയതുതന്നെ. ഇനി തിരിച്ചു കിട്ടിയെന്നിരിക്കട്ടെ, പുസ്തകം കീറിയും സ്ത്രീ ദുഷിച്ചും പണം കുറെശ്ശെയുമായിരിക്കും.

A good book is the precious lifeblood of a masterspirit എന്നു മറക്കാതിരിക്കുക. "വായിച്ചാലും വളരും, വായിച്ചില്ലേലും വളരും, വായിച്ചാൽ വിളയും! വായിച്ചില്ലേൽ വളയും" എന്ന കുഞ്ഞുണ്ണിമാഷ്ടെ വരികളും ഓർക്കുക.

"തെശ്മെസ്ത്തോ – 2018"

ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റി സംഘടിപ്പിച്ച "തെശ്മെസ്ത്തോ 2018 ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് ഉത്ഘാടനം ചെയ്യുന്നു. ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ്, അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, അഭി.കുറിയാക്കോസ് മോർ ഈവാനിയോസ്, ഫാ. ജോസഫ് മാതാംപറമ്പിൽ, ഡോ. റീബു കണ്ണൻകേരിൽ, അനീഷ് തകിടിൽ, ഫാ. ബിനോ ഫിലിപ്പ് എന്നിവർ സമീപം.

വിശ്വാസസ്ഥിരതയിൽ ഊന്നിനിന്നുകൊണ്ട് ആരാധനയുടെ മാഹാത്മ്യം സഭയിൽ പകർന്നുനൽകുവാൻ ശുശ്രൂഷകർ തയ്യാറാകണമെന്ന് തിരുവല്ലാ അതിരൂപതാ ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു. യേശുക്രിസ്തുവിൽ ജീവിക്കുന്ന സാക്ഷികളായിത്തീരുവാൻ ഈ രംഗത്തുള്ളവർക്ക് സാധിക്കണമെന്നും തിരുമേനി പറയുകയുണ്ടായി. ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലമലങ്കര ശുശ്രൂഷാസംഗമം "തെശ്മെസ്ത്തോ 2018" ഉത്ഘാടനം ചെയ്യുകയായിരുന്നു തിരുമേനി. ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് വലിയമെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, അഭി.കുറിയാക്കോസ് മോർ ഈവാനിയോസ്, വെരി റവ. ഡോ. കുര്യാക്കോസ് മൂലയിൽ, ഫാ. ജോസഫ് മാതാംപറമ്പിൽ, ഡോ. റീബു കണ്ണൻകേരിൽ, അനീഷ് തകിടിൽ, ഫാ. ബിനോ ഫിലിപ്പ് മൂഴിപ്പറമ്പിൽ, സജി താന്നിക്കൽ, കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, റജി പഴൂർ, ജിന്റോ മിനർവ, റോയി പാവൂക്കര, സന്തോഷ് മൂഴിക്കൽ, ജോസഫ് മങ്ങച്ചാലിൽ എന്നിവർ പ്രസംഗിച്ചു.

സാമുവേൽ ജോൺസൺ ഇംഗ്ലീഷ് നിഘണ്ടുവിന്റെ ശില്പി

എബി

ഒരു ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം ആധികാരികമായി തിരയുമ്പോൾ നാം ആദ്യമായി നോക്കുന്നത് ഓക്സ്ഫോഡ് ഇംഗ്ലീഷ് ഡിക്ഷ്ണറിയിലാണ്. അപ്പോൾ അതിന്റെ ഉപജ്ഞാതാവിനെ ആരെങ്കിലും അറിയുന്നുണ്ടോ. മുന്നൂറിലധികം വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട ഈ ശബ്ദതാരാവലിയുടെ ശില്പിയാണ് ബഹുമുഖപ്രതിഭയായ സാമുവേൽ ജോൺസൺ. സാഹിത്യകാരൻ, നിഘണ്ടുനിർമ്മാതാവ്, ഗദ്യകാരൻ,കവി, നാടകകൃത്ത്,ജീവചരിത്രകാരൻ,നിരൂപകൻ എന്നിങ്ങനെ എല്ലാ നിലയിലും അദ്ദേഹം പ്രശസ്തനായി. സാമുവേൽ ജോൺസന്റെ അനശ്വരസ്മാരകമാണ് അദ്ദേഹത്തിന്റെ ഇംഗ്ലീഷ് നിഘണ്ടു.

1709 സെപ്തംബർ 18 ന് ഇംഗ്ലണ്ടിലെ ലിച്ച്ഫിൽഡിൽ മൈക്കിൾ ജോൺസൺ എന്ന പുസ്തകവ്യാപാരിയുടെ മകനായി സാമുവേൽ ജോൺസൺ ജനിച്ചു.അമ്മ സാറാ ഫോർഡ് ചെറുപ്പത്തിലെ പിടിപെട്ട സ്മോൾപോക്സിന്റെ ഫലമായി അദ്ദേഹത്തിന്റെ കാഴ്ചശക്തിയും കേഴ്വിയും ഭാഗികമായി നഷ്ടപ്പെട്ടിരുന്നു. ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിച്ചെങ്കിലും പണമില്ലാത്തതിനാൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.



പിന്നീട് ഉപജീവനം തേടി 29-ാം വയസ്സിൽ സാമുവേൽ ജോൺസൺ ലണ്ടൻ നഗരത്തിലെത്തി. പത്രപ്രവർത്തകനായിട്ടായിരുന്നു തുടക്കം. തുടർന്ന് 'എഡ്വേർഡ് കേവ്' നടത്തിയിരുന്ന ജെന്റിൽ മാൻസ് മാഗസിനിൽ പ്രവേശിച്ചു. ആ കാലത്താണ് ലണ്ടൻ എന്ന ആക്ഷേപ ഹാസ്യകൃതി എഴുതുന്നത്. അത് ജനശ്രദ്ധപിടിച്ചുപറ്റിയതോടെ അദ്ദേഹം എഴുത്തിന്റെ ലോകത്തേക്കു തിരിഞ്ഞു. 1749 ൽ 'The Vanity of human wishes' എന്ന കൃതി രചിച്ചു. വിഖ്യാത ഇംഗ്ലീഷ് നാടക കൃത്തായ വില്യം ഷേക്സ്പിയറുടെ നാടകങ്ങളുടെ പുതിയ പതിപ്പുകൾക്കായി ജോൺസൺ ആമുഖങ്ങളെഴുതി. 'The lives of the English poets' എന്ന ഉപന്യാസങ്ങളും ആ തൂലികയിലൂടെ ഒഴുകിയെത്തി. ഇവയെല്ലാം ഇംഗ്ലീഷ് സാഹിത്യത്തിൽ ജോൺസണ് പ്രമുഖ സ്ഥാനം നേടിക്കൊടുത്തു. എല്ലാറ്റിനുമുപരിയാണ് 1755 ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച 'A Dictionary of English Language' എന്ന നിഘണ്ടു. 1747 ലാണ് ജോൺസൺ നിഘണ്ടു നിർമ്മാണത്തിനിറങ്ങിതിരിച്ചത്. നീണ്ട എട്ടു വർഷത്തെ പ്രയത്നത്തിനൊടുവിൽ അത് പൂർത്തീകരിച്ചു. ആ ഇംഗ്ലീഷ് നിഘണ്ടുവാണ് സാമുവേൽ ജോൺസന്റെ അനശ്വര സ്മാരകമായി ഇന്നും നിലനിൽക്കുന്നത്.

രണ്ടു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച ഈ നിഘണ്ടുവിന് പല സവിശേഷതകളുമുണ്ട്.40000- ലധികം വാക്കുകൾക്ക് അർത്ഥവും ഉദാഹരണങ്ങളും നൽകിയാണ് ഇതു പ്രസിദ്ധീകരിച്ചത്. വാക്കുകളുടെ അർത്ഥം പറയുന്നതിനൊപ്പം ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളിൽ നിന്നുള്ള വാക്യങ്ങൾകൂടി നൽകി പദപ്രയോഗം കൂടുതൽ വ്യക്തമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ വാക്കുകളെ പരിചയപ്പെടുത്തുക വഴി മേമ്പൊടിയായി ആക്ഷേപ ഹാസ്യത്തിൽ പൊതിഞ്ഞ വിശദീകരണവും നൽകിയിട്ടുണ്ട്. ഒരു ഉദാഹരണം നോക്കാം. 'ഓട്സ്' എന്ന വാക്കിന് നൽകുന്ന വിശദീകരണം. ഇംഗ്ലണ്ടിൽ കുതിരകൾക്ക് നൽകുന്ന ഭക്ഷണം. സ്കോട്ട്ലണ്ടിൽ ജനങ്ങളുടെ ഭക്ഷണം എന്നു കൂടി പറഞ്ഞു വയ്ക്കുന്ന രസികനായ ജോൺസൺ.

പ്രതിഭാശാലികളായ പലരെയും പോലെ സാമുവേൽ ജോൺസന്റെയും ദാമ്പത്യജീവിതം പരാജയമായിരുന്നു. 1735 ൽ വിധവയായ എലിസബത്ത് പോർട്ടറെ വിവാഹം കഴിച്ചു. അന്ന് ജോൺസണ് 26 ഉം ഭാര്യയ്ക്ക് 46 ഉം വയസ്സായിരുന്നു. അവരുടെ ജീവിതത്തിലെ പൊരുത്തക്കേടുകൾ ജോൺസണെ വിഷാദചിത്തനാക്കി. നിതാന്തപരിശ്രമിയായ അദ്ദേഹത്തിന് തന്റെ സാഹിത്യ സംഭാവനകൾക്ക് അർഹമായ അംഗീകാരം ലഭിക്കുന്നില്ല എന്ന ഒരു തോന്നലും അദ്ദേഹത്തെ കൂടുതൽ 'ഡിപ്രഷനിലേക്ക്' നയിച്ചു. ഈ ഡിപ്രഷൻ തന്നെയാണ് അദ്ദേഹത്തിന്റെ മരണ കാരണവും.

1784 ഡിസംബർ 13 ന് ലണ്ടനിൽ വച്ച് സാമുവേൽ ജോൺസൺ എന്ന അതുല്യ പ്രതിഭ ഈ ലോകത്തോട് വിട പറഞ്ഞു. എന്നാലും നിഘണ്ടുക്കൾ ഉള്ളിടത്തോളം കാലം ഈ ആംഗലേയ പദ ശില്പിയുടെ നാമം അനശ്വരമായി നിലനിൽക്കും.

വചനാമൃതം

ഫാ. റോയി മാത്യു, കോറെപ്പിസ്ക്കോപ്പാ മുളമൂട്ടിൽ

മാർച്ച് 25 – ഓശാന ഞായർ – (വചനിപ്പ് പെരുന്നാൾ)

യേശു പരസ്യശുശ്രൂഷയുടെ അന്ത്യത്തിൽ എത്തി. റോമാ ഗമൺമെന്റിന്റെ അധീനതയിൽ നിന്നുള്ള വിടുതലിനു ജനം കാത്തിരിക്കുന്ന കാലമായിരുന്നു. പെസഹാ പെരുന്നാളിന് ആ വർഷം ഇരുപത്തിയേഴു ലക്ഷത്തോളം ജനം കൂടിയിരുന്നു. വലിയ പുരുഷാരം ഹോശന്നാപാടി വരവേല്പ് നല്കി ബഹുജനം ആർത്തു. പുഷ്പലതാദികളും ചില്ലിക്കൊമ്പുകളും വിശേഷ വസ്ത്രങ്ങളും കൊണ്ട് രാജവീഥി അലങ്കരിക്കപ്പെട്ടു. അവന്റെ എഴുന്നെള്ളത്ത്. അവൻ ഒരു രാജാവാണെന്നും അവന്റെ വാഹനമൃഗമായ കഴുത അവൻ ഒരു പ്രവാചകനാണെന്നും ദേവാലയത്തിൽ അവൻ പ്രവേശിച്ച് ശുദ്ധീകരണം നടത്തിയതിനാൽ അവൻ ഒരു പുരോഹിതനാണെന്നും തെളിയിക്കുക ആയിരുന്നു. അവന്റെ എഴുന്നെള്ളത്തിൽ നഗരം ഇളകിപ്പോയി (മത്താ.21:10) യഹോവ എഴുന്നള്ളിയിട്ടുള്ള സന്ദർഭങ്ങളിലൊക്കെ അങ്ങനെ സംഭവിച്ചിട്ടുണ്ട്. ഭൂമി കുലുങ്ങുകയും ആകാശം ദൈവസന്നിധിയിൽ പൊഴികയും സീനായി ഇളകുകയും ചെയ്തിട്ടുണ്ട്. (സങ്കീ.68:8) ഇനിയും അവൻ എഴുന്നെള്ളുമ്പോൾ ഒലിവുമല പിളരുകയും കുന്നുകൾ സമതലമാകയും ലോകജനങ്ങൾ ഭയപ്പെട്ട് ഓടി ഒളിക്കയും ചെയ്യും. അവൻ മനുഷ്യ ദേഹിയിൽ എഴുന്നള്ളുമ്പോൾ അവൻ ഇളകുകയും പാപബോധവും അനുതാപവും ഉണ്ടാകയും കരച്ചിലും മാറത്തടിയും നിലവിളിയും ഉണ്ടായിട്ട് പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു.

അവൻ രാജാവായി തന്നെ നഗരത്തിൽ പ്രവേശിച്ചു. (1)"അവൻ യഹൂദന്മാരുടെ രാജാവ് എന്ന് സ്വയം അവകാശപ്പെട്ടു. യേശുവിന്റെ തലക്കുമീതെ വിധി കർത്താവ് എഴുതി പതിച്ച കുറ്റപത്രവും യേശു യഹൂദന്മാരുടെ രാജാവ് എന്നായിരുന്നു.

2) അവൻ നീതിയുള്ള രാജാവ്– അനീതി നിറഞ്ഞ ലോകത്തിൽ നീതി നടത്താൻ വന്ന രാജാവാണ് യേശു. അവന്റെ നീതിയുള്ള വലംകൈകൊണ്ട് നിന്നെ താങ്ങും. (യശ.41:10) അവൻ ജയശാലിയായ രാജാവ്. ലോകത്തിലുള്ള യാതൊരു ശക്തിക്കും അവനെ തോല്പിക്കാൻ കഴിഞ്ഞിട്ടില്ല. അവൻ സാത്താന്റെ മേൽ ജയമെടുത്ത രാജാവാണ്. പാപത്തെ ജയിച്ച രാജാവും അവൻ തന്നെ. അവൻ ജയാളി എന്നു മാത്രമല്ല. അവനിൽ ആശ്രയിക്കുന്ന ജനത്തിനു വിജയം നൽകുന്ന രാജാവും അവനാണ്.

4). അവൻ താഴ്മയുള്ള രാജാവാണ് സ്വർഗാധി സ്വർഗ്ഗത്തിൽ പിതാവിനോടുള്ള സമത്വത്തിൽ ഇരുന്ന ഈ രാജകുമാരൻ മനുഷ്യനായി താണിറങ്ങി ഹീനമായ കുരിശുമരണം സ്വീകരിച്ച താഴ്മയുള്ള രാജാവ് അവൻ നമ്മേ സമ്പന്നരാക്കിത്തീർക്കാൻ ദരിദ്രനായിത്തീർന്ന താഴ്മയുള്ള രാജാവാണ്. (2. കോരി. 8:9).

5) അവൻ സമാധാന പ്രഭുവായ രാജാവാണ്.

സമാധാനകാലത്ത് രാജകീയ വാഹനമായി ഉപയോഗിക്കുന്ന കഴുതയെ തിരഞ്ഞെടുത്ത് അതിന്റെ പുറത്ത് എഴുന്നെള്ളിയ സമാധാനത്തിന്റെ രാജാവായി നഗരത്തിൽ പ്രവേശിച്ചു. വ്യക്തികൾക്കും കുടുംബത്തിനും സമാധാനം തരാൻ കഴിയുന്ന രാജാവായി ഇന്നും ജീവിക്കുന്നു. ലോകത്തിനു തരാനോ എടുത്തുകളയാനോ കഴിയാത്ത എന്റെ ദിവ്യ സമാധാനം ഞാൻ നിങ്ങൾക്കു നല്കിത്തരുന്നു എന്നു പറഞ്ഞ സമാധാനത്തിന്റെ രാജാവ് ഈ യേശുക്രിസ്തു അത്രേ. യേശു നന്മയുടെ രാജാവായി തീർന്നിട്ടുണ്ടോ. ഈ രാജാവിനു വാഹനമായി നമ്മെ തന്നെ വിട്ടുകൊടുക്കാം. (സങ്കീ. 91:14) അവന്റെ ബലമുള്ള കൈകീഴിൽ താണിരിക്കാം.

ഏപ്രിൽ 1 ഈസ്റ്റർ –

ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലയെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോരി.15:14)

ലോകമെങ്ങുമുള്ള ക്രൈസ്തവർ ഈസ്റ്റർ ആഘോഷിക്കുന്നു. എല്ലാ ഞായറാഴ്ചയും ഉയിർപ്പ് അനുസ്മരിക്കുന്നതും ആചരിക്കുന്നതും ഉയിർപ്പിന്റെ സംഭവം തന്നെ. മനുഷ്യനായിത്തീർന്ന ദൈവപുത്രൻ കുരിശിൽ മരിച്ചെങ്കിലും മരണത്തെ പരാജയപ്പെടുത്തി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നുള്ളത് വിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ്. മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റ കർത്താവത്രേ ക്രിസ്തു മാർഗത്തിന്റെ ജീവൻ. അവൻ ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ ശവക്കുഴിയോടെ ക്രിസ്ത്യാനി അവസാനിക്കുമായിരുന്നു. അവൻ രാജാവ് എന്ന മേലെഴുത്തോടെ ക്രൂശിക്കപ്പെട്ടു. അവൻ നിത്യ രാജാവായി വാഴുവാൻ മരണത്തെ ജയിച്ച റോമാ ഗവണ്മെന്റിന്റെ മുദ്രയെ പോട്ടിച്ചു ഉയിർത്തെഴുന്നേറ്റു. അവനിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുകയും ജീവിച്ചിരുന്ന് അവനിൽ വിശ്വസിക്കുന്നവൻ മരണം കാണാതിരിക്കയും ചെയ്യത്തക്കവണ്ണം നിത്യ ജീവദായകനായി അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

യേശു ക്രിസ്തുവിന്റെ ഉയിർപ്പുമൂലം എന്തു സംഭവിച്ചു.

നിവൃത്തിയായി എന്നു പറഞ്ഞു പ്രാണൻ വിട്ടവൻ നിവർത്തിച്ച കാര്യങ്ങൾ അത്ഭുതാവഹം തന്നെ.

1) അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വരുത്തിയിക്കുന്നു.

2) അവൻ ശിക്ഷാവിധി മാറ്റുക മാത്രമല്ല പാപപരിചയത്തിന്റെ ചങ്ങലയെ തകർത്ത് അടിമനുകത്തിൽനിന്നു മനുഷ്യനെ വിടുവിപ്പാൻ ഉയിർത്തു.

3) നഷ്ടപ്പെട്ടതും തകർന്നതുമായ മനുഷ്യജീവിതത്തെ പുതുക്കും. അർത്ഥപൂർണ്ണവും വിലയുള്ളതും ആക്കിത്തീർക്കാൻ അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവന്റെ കരത്തിലേക്കു വ്യവസ്ഥ പറയാതെ ഏൽപ്പിക്കുന്ന ഏതു തകർന്ന വ്യക്തിത്വത്തെയും ഈ നല്ല ശില്പി മനോഹരമായി പണിക്കുറവു തീർത്തു പുതു സൃഷ്ടിയാക്കിത്തീർക്കും. മരണാന്തര ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാതിരുന്ന മനുഷ്യനു ഭാവി പ്രത്യാശ ഉളവാക്കിയതും യേശുവിന്റെ ഉയിർപ്പത്രേ. അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ ആത്മാവ് നമ്മുടെ മർത്യ ശരീരങ്ങളേയും ഉയിർപ്പിക്കും.

5) പാപിക്ക് ദൈവകുടുംബത്തിന്റെ അംഗത്വം കൊടുത്ത് യേശുക്രിസ്തുവിന്റെ കൂട്ടവകാശം ലഭിക്കത്തക്കവണ്ണം ദത്തെടുത്ത് മനുഷ്യനെ അനുഗ്രഹിച്ചു.

ഉയിർപ്പ് അനന്ദോത്സവമാണ്. എന്താണ് ആനന്ദത്തിന് കാരണം. തിന്മയുടെ മേൽ നന്മ വിജയം വരിച്ച അവസരമാണ്. മനുഷ്യരെ കീഴടക്കി വച്ചിരുന്ന അധമ ശക്തികളുടെമേൽ ക്രിസ്തു തന്റെ മരണത്താലും ഉയിർപ്പിനാലും വിജയം വരിച്ചിരിക്കുന്നു. അതുകൊണ്ട് ഉയിർപ്പിന്റെ ശുശ്രൂഷയിൽ കാർമികൻ പ്രഖ്യാപിക്കുന്നു. "ക്രിസ്തു ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ ആട്ടി ഓടിച്ചിരിക്കുന്നു".അപ്പോൾ ജനങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്നു. "ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്നു ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു. "ഇതു മൂന്നു പ്രാവശ്യം അവർത്തിച്ചു പ്രഖ്യാപിക്കുമ്പോൾ ഉച്ചത്തിൽ മണിനാദവും വെടിയൊച്ചയും അന്തരീക്ഷത്തെ മുഖരിതമാക്കും.

മനുഷ്യൻ ഏറ്റവും ഭയപ്പെടുന്ന ശക്തി മരണമാണ്. ക്രിസ്തു ഉയിർപ്പിൽകൂടി മരണത്തിന്മേൽ വിജയം വരിച്ചു. അവിടുന്നു പ്രഖ്യാപിച്ചു. "ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ ഞാൻ എന്നേക്കും ജീവിക്കുന്നു. മരണത്തിന്റെയും അധോലോകത്തിന്റെയും താക്കോൽ എന്റെ കയ്യിലുണ്ട്".

ഉയിർപ്പ് സാമാധാന ഉത്സവമാണ്. ഉത്ഥിതനായ യേശു ആദ്യം അരുളിചെയ്തത് "നിങ്ങൾക്ക് സമാധാനം എന്നാണ്. ഇന്ന് അസ്വസ്ഥതയുടേയും അശാന്തിയുടെയും കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുകയാണ്. യുദ്ധത്തിന്റെ ഭീഷണി തുടരെ തുടരെ കേട്ടുകൊണ്ടിരിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ ഭയവും സംഘർഷവും മുറ്റി നിൽക്കുകയാണ്. ഏവരും ആഗ്രഹിക്കുന്ന ഒന്നുണ്ട്. സമാധാനം ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ സന്ദേശത്തിനു പ്രസക്തിയുണ്ട്. ക്രിസ്തു തരുന്ന സമാധാനം. സകല മനുഷ്യബുദ്ധിയിലും അതിശയിക്കുന്ന ഒന്നാണ്.

ഏപ്രിൽ 8 പുതു ഞായർ

ഉയിർത്തെഴുന്നേറ്റശേഷം യേശു നാല്പതു നാളോളം വിവിധ ആളുകൾക്ക് പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്ന് അനേക ദൃഷ്ടന്തളാൽ അവർക്ക് കാണിച്ചു കൊടുത്തു. ഉയിർപ്പിന്റെ അന്നു തന്നെ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. തോമസ് അപ്പോൾ ആ കൂട്ടത്തിൽ ഇല്ലായിരുന്നു. യേശു പ്രത്യക്ഷനായത് തോമായോട് അവൻ പറഞ്ഞെങ്കിലും തോമസ് വിശ്വസിച്ചില്ല. വിശ്വസിക്കാത്ത കാര്യം വിശ്വസിക്കുന്നില്ല എന്നു തുറന്നു പറയുവാൻ മടിക്കാത്ത വ്യക്തിയായിരുന്നു അവൻ. മറ്റുള്ളവരെ തൃപ്തിപ്പെടുത്തുവാൻ എന്തും പറയുന്നത് തോമസിന്റെ സ്വഭാവമല്ലായിരുന്നു. എട്ടു ദിവസം കഴിഞ്ഞപ്പോൾ തോമസുംകൂടി ഉൾപ്പെട്ട സംഘത്തിനു യേശു പ്രത്യക്ഷനായി. യേശുവിന്റെ തുളക്കപ്പെട്ട കരങ്ങളും വിലാപ്പുറവും തോമസ് വ്യക്തമായി കണ്ടു. ആ വിലാപ്പുറത്ത് തന്റെ കൈ ഇട്ടു. അതു പിൻ വലിച്ചപ്പോൾ ഒരു വലിയ അത്ഭുതം അവന് അത്ഭുതപ്പെട്ടു പെട്ടയായിരുന്ന അവന്റെ വിരലുകൾ യഥാസ്ഥാനപ്പെട്ടു. വിലാപ്പുറത്ത് ഇട്ട കരങ്ങൾ അപ്പോസ്ഥലന്മാർ മുത്തി. അന്നു മുതലാണ് തിരു ശരീരരക്തങ്ങളിൽ സ്പർശിച്ച് കൈമുത്തുന്ന പാരമ്പര്യം സഭയിൽ ആരംഭിച്ചത്. ക്രൂശിക്കപ്പെട്ട ക്രിസ്തു തന്നെയാണ് ഉയിർത്തെഴുന്നേറ്റു തന്റെ മുമ്പിൽ നിൽക്കുന്നതു എന്ന് തോമസിനു വ്യക്തമായി മനസ്സിലായി. അവൻ സാഷ്ടാംഗം വീണു.

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു പറഞ്ഞു. സമ്പൂർണ്ണമായി സമർപ്പിക്കയും ചെയ്തു. അതേ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദൈവത്വവും മനുഷ്യത്വവും ഒന്നിച്ചുള്ള ഏക സ്വഭാവമുള്ള ദൈവമാണെന്നുള്ള ഓർത്തഡോക്സ് വിശ്വാസം തോമസ് പ്രഖ്യാപിച്ചു. പരിശുദ്ധ സഭ അത് അനേക പീഢകൾ സഹിച്ചാണെങ്കിലും ഇന്നുവരെയും കാത്തു പരിപാലിക്കുന്നു. ആദിമ സഭയുടെ വിശ്വാസപ്രമാണം അതായിരുന്നു. യേശുവിനെ വ്യക്തിപരമായി അറിയുകയും അവനുമായി ഉറ്റ ബന്ധം പുലർത്തകയും ചെയ്യുന്നവർക്ക് യേശു കർത്താവും ദൈവവും എന്ന് അർത്ഥ പുഷ്ടിയോടുകൂടി പറയുവാൻ സാധിക്കും. (1.യോഹ.1:1) ആദിമുതലുള്ളതും എന്റെ കണ്ണുകണ്ടതും ചെവി കേട്ടതും കൈതൊട്ടതുമായ അനുഭവമാണിത്.

തോമസിന്റെ വിശ്വാസ പ്രഖ്യാപനം-

ക്രൂശിക്കപ്പെട്ട യേശു കർത്താവും ദൈവവുമാണ്.

യഹോവയെക്കുറിച്ച് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിന് കർത്താവ് എന്നർത്ഥം. പുതിയ നിയമത്തിൽ 150 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവ് സകലത്തിന്മേലും അധികാരമുള്ളവനും സകല നാമത്തിനും മേലായ നാമം ഉള്ളവനുമാണ്.യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും.

2. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥനാണ് യേശുക്രിസ്തു. ഗ്രീക്കുകാരുടെ ഇടയിൽ സ്ത്രീകൾക്ക് എന്തെങ്കിലും ഉടമ്പടി ചമയ്ക്കേണ്ടി വരുമ്പോൾ പരിരക്ഷകൻ എന്ന നിലയ്ക്ക് ഒരാൾ ഉണ്ട്. അങ്ങനെയുള്ളവരെ കർത്താവ് എന്നു വിളിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു പിതാവിന്റെ സന്നിധിയിൽ എനിക്കു വേണ്ടി പക്ഷവാദം ചെയ്യുന്ന മദ്ധ്യസ്ഥനാണ്-കർത്താവാണ്.

3. എന്റെ കർത്താവും എന്റെ ദൈവവുമേ സമ്പൂർണ്ണ സമർപ്പണത്തിന്റെ വാക്കുകളാണവ. അവനെ ഉള്ളതിൻവണ്ണം മനസ്സിലാക്കുന്ന വ്യക്തിയിൽ ഉളവാകുന്ന പ്രതികരണം സമ്പൂർണ്ണ സമർപ്പണമായിരിക്കും. യേശു ക്രിസ്തുവിന്റെ ഭരണത്തിനും നിയന്ത്രണത്തിനും വിധേയപ്പെടുന്നതാണ്. ശാശ്വത സമാധാനത്തിന്റെ മാർഗ്ഗം ഇത് എക്കാലത്തും വാസ്തവമാണ്. അർജന്റിനയും ചിലിയും അടുത്തുള്ള രാജ്യങ്ങളായിരുന്നു. 1899ൽ അതിർത്തി സംബന്ധിച്ച് ചില തർക്കങ്ങളുണ്ടായി. യുദ്ധം ഉണ്ടായി. അർജന്റിനയിലെ ബിഷപ് Benavent ഉയിർപ്പു ഞായറാഴ്ച പ്രസംഗത്തിൽ കൂടി സമാധാനത്തിന് ആഹ്വാനം നൽകി. ആ വാർത്ത ചിലിയിലെ ബിഷപ്പിന്റെ ചെവിയിലെത്തി. ഇരു ബിഷപ്പുമാരും സമാധാനത്തിന് ആഹ്വാനം നൽകുന്ന പ്രസംഗ പര

മ്പകളും പര്യടനങ്ങളും ക്രമീകരിച്ചു. ഇരു രാജ്യങ്ങളിലേയും ഭരണാധിപന്മാരെ അതു സ്വാഗതം ചെയ്തു. തത്ഫലമായി അതിർത്തിത്തർക്കം ബ്രിട്ടനിലെ Edward എട്ടാമന്റെ മദ്ധ്യസ്ഥതയ്ക്ക് വിട്ടു. ഇരു രാജ്യങ്ങളും തർക്കങ്ങൾ അവസാനിപ്പിച്ചു. അതിർത്തികളിൽ കേന്ദ്രീകരിച്ചിരുന്ന ആയുധങ്ങൾ ഉരുക്കി യേശു ക്രിസ്തുവിന്റെ ഒരു വലിയ പ്രതിമ ഉണ്ടാക്കി. 1904 മാർച്ച് 13-ാം തീയതി രണ്ടു രാജ്യങ്ങളുടെ അതിർത്തിയിൽ ഉള്ള ഉയരം കൂടിയ പർവ്വതത്തിന്റെ മുകളിൽ സ്ഥാപിച്ചു. അടിയിൽ എഴുതി. (ഈ പർവ്വതം നീങ്ങിപോയിട്ടല്ലാതെ ക്രിസ്തുവിന്റെ പാദത്തിങ്കൽ ചിലിയും അർജന്റിനയും തമ്മിൽ ചെയ്തിരിക്കുന്ന ഉടമ്പടി വിസ്മരിച്ചുകളയുകയില്ല.) അവൻ നമ്മുടെ സമാധാനം ഇരുപക്ഷത്തേയും ഒന്നാക്കി (എഫേ.2:14.) ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മുമ്പിൽ 34 ലെഭരണഘടനയും 2017 ലെ വിധിയും എന്ന വ്യവസ്ഥ കൂടാതെ ഏൽപിച്ചു കൊടുക്കാൻ സഭാനേതൃത്വം തയ്യാറായിരുന്നെങ്കിൽ മാർത്തോമായുടെ ഇൻഡ്യൻ സഭയിൽ ശാശ്വത സമാധാനം ഉണ്ടാകുമായിരുന്നു. ഇല്ലാ എങ്കിൽ നിങ്ങളുടെ കൂടെ അവസാനം ദൈവഭയമുള്ള ഒരു വ്യക്തിപോലും കാണുകയില്ല എന്ന സത്യം മനസ്സിലാക്കി 2018ലെ ഉയിർപ്പു ശുശ്രൂഷ എങ്കിലും ആത്മ നിറവിൽ നടത്താൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഏപ്രിൽ 15 പുതുഞായറിനുശേഷം

1-ാം ഞായർ യോഹ. 21:1-7

യേശു മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത് അവരിൽ പിൻമാറിപ്പോയ പത്രോസ്, തോമസ് സെബദിമക്കൾ എന്നി ശിഷ്യന്മാരേ യഥാസ്ഥാനപ്പെടുത്താനാണ്. ഈ ശിക്ഷ്യന്മാർ ഒരുമിച്ചിരിക്കുമ്പോൾ പത്രോസ് അവരോട് ഞാൻ വലവീശാൻ പോകുകയാണെന്ന് പറഞ്ഞു അവരും അവനെ അനുഗമിച്ചു. ഇവർ ഇരുട്ടിലേക്ക്, തണുപ്പിലേക്ക്, വിശപ്പിലേക്ക് പിൻമാറി ഇവരോടുള്ള കർത്താവിന്റെ മനോഭാവം സൗമ്യത, ശാന്തത, കൃപ, ശക്തി ഇവയായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ രണ്ടുവട്ടം നേരിൽ കണ്ട പത്രോസ് പിൻമാറിയതെങ്കിൽ നമ്മുടെ സ്ഥിതി എത്ര അധികം. കർത്താവിനെ മൂന്നുവട്ടം തള്ളി പറഞ്ഞതിന്റെ ചതവ് ശരിക്കും സുഖപ്പെട്ടില്ലായിരുന്നു അതാണ് വീണ്ടും പിൻമാറാൻ കാരണം.

2. പിൻമാറ്റത്തിന്റെ ഒന്നാമത്തെ പടി- സാധാരണക്കാരെപ്പൊലെ ജീവിക്കുവാൻ തുടങ്ങുന്നു. മീൻ പിടിക്കുവാൻ പോകുന്നു. ഒരിക്കൽ വലയും വള്ളവും ഉപേക്ഷിച്ചവൻ വീണ്ടും ഉപേക്ഷിച്ചത് സ്വീകരിക്കുന്നു. പത്രോസിന്റെ വാക്കു കേട്ട് മറ്റ് ശിഷ്യന്മാരും ഇറങ്ങി. നമ്മുടെ ബുദ്ധി മറ്റുള്ളവരുടെ താല്പര്യത്തിനു വിട്ടു കൊടുക്കരുത്

3. ശിഷ്യന്മാരുടെ യഥാസ്ഥാപനം- പ്രധാനമായും പത്രോസിനോടാണ് കർത്താവിന്റെ സംസാരം- കാരണം അവനാണ് ഏറ്റവും അധികം അകന്നു പോയിരിക്കുന്നത്. യേശുവിനെ വിട്ടിട്ട് മീൻ പിടിക്കാൻ സമർത്ഥരായ അപ്പോസ്തോലന്മാർ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരുപിടി മീൻപോലും ലഭിച്ചില്ല. എന്നാൽ വള്ളത്തിന്റെ വലതുവശത്തു വീശുവാൻ കർത്താവ് പറഞ്ഞത് വിശ്വസിച്ച ശിഷ്യന്മാർ വല ഇട്ടപ്പോൾ 153 വലിയ മത്സ്യങ്ങളും കുറെ ചെറുമീനുകളും കയറി. എന്നേ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുക ഇല്ല എന്ന വാക്കുകൾ അവർ ഓർത്തു. 153 വലിയ മീൻ വല കീറുവാൻ തക്കവണ്ണം അകപ്പെട്ടു എങ്കിലും വല കീറാഞ്ഞത് കർത്താവിന്റെ കരുണയാണ്. യേശു വന്നത് അവർക്ക് അപ്പവും തണുപ്പു മാറ്റാൻ തീക്കനലും അതിന്മേൽ മീനും കൊണ്ടാണ്. പ്രാതൽ കഴിച്ച്ശേഷം കുളിർ മാറ്റിയ ശേഷം യേശു അവരോട് സംസാരിച്ചു. യോനായുടെ മകനായ ശീമോനെ നീ എന്നേ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു.

മൂന്നു പ്രാവശ്യം ചോദിച്ചപ്പോൾ പത്രോസിനു മനസ്സിലായി. അഗാപ്പേ എന്ന സ്നേഹം അതാണ് എന്ന്. അപ്പോൾ ആടുകളെ മേയിക്കുവാൻ ഉള്ള അധികാരം നൽകി നിയമിക്കുന്നു. യേശു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് good അല്ല. Best ആണ് അതായി തീരുവാൻ നമുക്ക് എല്ലാം അറിയുന്ന യേശുവിനു നമ്മേ തന്നെ സമർപ്പിക്കാം.

●

ക്നാനായ സഭയുടെ വിവിധക്ഷേമ പദ്ധതികളും സൗഹൃദസമ്മേളനവും

വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ നടന്ന ക്നാനായ സഭയുടെ വിവിധക്ഷേമ പദ്ധതികളും സൗഹൃദസമ്മേളനവും പാത്രിയർക്കീസ് പ്രതിനിധിയും ജർമ്മൻ ആർച്ച് ബിഷപ്പുമായ മാർ പീലക്സിനോസ് മത്യാസ് നയിസ് ഉത്ഘാടനം ചെയ്യുന്നു. തോമസുകുട്ടി തേവർകുഴി, ബിനു കല്ലേമണ്ണിൽ, സാബു തോട്ടുങ്കൽ, പ്രൊഫ. പി.കെ. സ്കറിയ, ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ,ഫാ. യവനോ കെയ്പ്, ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, സ്കറിയ തോമസ് എക്സ്.എം.പി., ആലിച്ചൻ ആറൊന്നിൽ, സ്മിജു ജേക്കബ്, ഫാ.പി.റ്റി.മാത്യു പയ്യനാട്ട് എന്നിവർ സമീപം.

അവസാനമായി ഒരിക്കൽകൂടി ഒരു ഓർമ്മപ്പെടുത്തൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ

ഓസ്ട്രേലിയാ-ന്യൂസ്‌ലാൻഡ് രാജ്യങ്ങളിലെ ഇടവക ശുശ്രൂഷക്കുശേഷം നാട്ടിലേക്കു മടങ്ങിപ്പോകുമ്പോൾ ഇവിടെയുള്ള ക്നാനായമക്കളുടെ നാട്ടിലുള്ള മാതാപിതാക്കളെ അവസാനമായി ഒരിക്കൽകൂടി ഓർമ്മപ്പെടുത്താനാണ് ഈ ലേഖനം. നിങ്ങളുടെ മക്കളെ പള്ളിയോടുള്ള ബന്ധത്തിൽ ജീവിക്കുവാൻ പ്രബോധിപ്പിക്കുക എന്നതാണ് ഈ ലേഖനത്തിലെ എന്റെ ലക്ഷ്യം. ഇവിടെ ശുശ്രൂഷയ്ക്കായി വന്നതിനുശേഷം രണ്ട് ലേഖനങ്ങൾ (1.ഓസ്ട്രേലിയായിലുള്ള മക്കളുടെ മാതാപിതാക്കളെ 2. വീണ്ടും ഈ ഓർമ്മപ്പെടുത്തൽ) ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ രണ്ടു ലേഖനങ്ങളുടെയും തുടർച്ചയും സമാപനവുമാണ് ഈ ലേഖനം. "ഇത്രത്തോളം യഹോവ സഹായിച്ചു; ഇത്രത്തോളം ദൈവം നടത്തി" എന്ന് സ്തോത്രം പറഞ്ഞുകൊണ്ട് ഇവിടുത്തെ ശുശ്രൂഷ സമാപിപ്പിക്കുമ്പോൾ ഒരിക്കൽകൂടി വൈദികൻ എന്ന നിലയിലുള്ള ഒരു ഓർമ്മപ്പെടുത്തൽ നിങ്ങളുടെ മുൻപാകെ വയ്ക്കട്ടെ.

അഭി.സമുദായമെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ കല്പനയാൽ 2016 ഏപ്രിൽ ഒന്നാം തീയതി ഓസ്ട്രേലിയായിലും ന്യൂസ്‌ലാൻഡിലുമുള്ള ക്നാനായക്കാരുടെ ആത്മീയ വളർച്ചക്കുവേണ്ടി വികാരിയായി ശുശ്രൂഷ ആരംഭിച്ചു. സിഡ്നിയിലുള്ള കേവലം 18 ക്നാനായ കുടുംബങ്ങളുടെ രണ്ടു വർഷത്തെ നിരന്തരശ്രമത്തിന്റെ ഫലമായിട്ടാണ് ബലഹീനനായ എനിക്ക് ഇവിടെ എത്തിച്ചേരുവാൻ കഴിഞ്ഞത്. കണ്ണുനീരോടെയുള്ള പ്രാർത്ഥനയ്ക്ക് ദൈവം ഫലം തന്നു. തൽഫലമായി മറ്റ് നഗരങ്ങളിലും വി.കുർബ്ബാനയുടെ ക്രമീകരണങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. ആദ്യം തന്നെ മെൽബണിലും പെർത്തിലും ന്യൂസ്‌ലാൻഡിലെ ഓക്ക്‌ലാൻഡിലും പിന്നീട് ഒരുവർഷത്തിനുശേഷം ഗോൾഡ്കോസ്റ്റിലും മാസത്തിൽ ഒരു കുർബ്ബാനവീതം ശനിയാഴ്ചകളിലോ ഞായറാഴ്ച വൈകുന്നേരമോ അർപ്പിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ രണ്ട് രാജ്യങ്ങളിലായി അഞ്ച് ഇടവകകളിലായി ഏകദേശം 100 ക്നാനായ കുടുംബങ്ങളും അംഗുലീപരിമിതമായ വിദ്യാർത്ഥികളും ക്നാനായ കുടക്കീഴിൽ അണിനിരന്നിരിക്കുന്നു.

2018 മാർച്ച്മാസം 15-ാം തീയതി ഇവിടുത്തെ എന്റെ രണ്ടു വർഷത്തെ ശുശ്രൂഷ അവസാനിക്കുമ്പോൾ ബഹുമാന്യനായ സന്തോഷ് മർക്കോസ് കല്ലോലിക്കൽ അച്ചൻ ഈ ശുശ്രൂഷ ദൈവനാമത്തിൽ തുടരുന്നതായിരിക്കും. അച്ചന്റെ ശുശ്രൂഷയുടെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും മറ്റ് ചില കാരണങ്ങളാലും ചുരുക്കം ചില കുടുംബങ്ങൾക്ക് ഈ കുടക്കീഴിൽ അണിനിരക്കുവാൻ കഴിയാത്തത് ഒരു ദുഃഖമാണ്. കൂടാതെ ബ്രിസ്ബേൻ, കാൺബറാ, അഡ്‌ലെയ്ഡ് എന്നീ നഗരങ്ങളിലുള്ള ക്നാനായമക്കൾകൂടി ഈ കുടക്കീഴിൽ എത്തിച്ചേരുവാൻ കഴിയണമെന്ന് പ്രാർത്ഥിക്കുന്നു.

കേവലം 18 കുടുംബങ്ങളോടുകൂടി തുടങ്ങിയ സിഡ്നി സെന്റ് മേരീസ് ക്നാനായ ഇടവകയിൽ ഇപ്പോൾ 30 കുടുംബങ്ങൾ ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാന കാരണം ഒരു മുഴുസമയം വൈദികൻ (full time priest) സിഡ്നിയിൽ ഉണ്ടെന്നതാണ്. വി. കുർബ്ബാനയ്ക്കുവേണ്ടി ആലോചിച്ച് പ്രാർത്ഥിച്ച് പ്രവർത്തിച്ചപ്പോൾ ദൈവം സിഡ്നി ഇടവകയെ അനുഗ്രഹിച്ചു. ഇത് മറ്റ് നഗരങ്ങളിലെ ക്നാനായ മക്കൾക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു. സിഡ്നി ഇടവക തനിയെ നടത്തിയ പോരാട്ടത്തിന്റെ ഫലമാണ് ഇന്ന് ഓസ്ട്രേലിയായിലും ന്യൂസ്‌ലാൻഡിലും ക്നാനായ സമുദായത്തിന് വളർച്ചയുണ്ടായത്. ആയതിനാൽ സമുദായം സിഡ്നി ഇടവകയോട് കടപ്പെട്ടിരിക്കുന്നു.

ഒസ്ട്രേലിയാപോലുള്ള ഒന്നാംകിട രാജ്യങ്ങളിലേക്ക് കുടിയേറ്റത്തിനും ജോലിക്കും വിദ്യാഭ്യാസത്തിനും മക്കളെ അയക്കുവാൻ മാതാപിതാക്കൾ താൽപര്യപ്പെടുന്നു. പള്ളിയോടുള്ള ബന്ധത്തിൽ ജീവിക്കുവാൻ മാതാപിതാക്കൾ മക്കളെ പ്രബോധിപ്പിക്കണം. പള്ളിയിൽ പോകാതിരിക്കുവാൻ പലകാരണങ്ങളുണ്ട്. എന്നാൽ പള്ളിയിൽ പോകുന്നതിന് അവരുടെ ഉള്ളിൽ ഉത്സാഹം ജനിപ്പിക്കുക എന്ന ധർമ്മം മാതാപിതാക്കൾക്കുണ്ടെന്ന് മറക്കരുത്. ഇല്ലെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടിവരും.

ദൈവനിഷേധികളുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്ന ഒരു രാജ്യത്തിലാണ് നിങ്ങളുടെ മക്കൾ വസിക്കുന്നത്. ഇവിടെ ദൈവാന്വേഷികളാകുക എന്നതാണ് നിങ്ങളുടെ മക്കൾ നേരിടുന്ന വെല്ലുവിളി. ചില ഒന്നാംകിട രാഷ്ട്രങ്ങളിലെ (first world counter) പുരാതന ക്രൈസ്തവ ദേവാലയങ്ങൾ അക്രൈസ്തവർ വാങ്ങി അമ്പലങ്ങളും മോസ്ക്കുകളും നിർമ്മിക്കുന്നതും പള്ളികൾ മദ്യഷാപ്പുകളും ബിയർപാർലറുകളുമായി മാറുന്നത് അറിയാതെ പോകരുത്. ക്രൈസ്തവ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ രാജ്യത്തിൽ നിങ്ങളുടെ മക്കൾ ക്രിസ്തുവിന്റെ സാക്ഷികളാകണമെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുകയും അവരെ പ്രബോധിപ്പിക്കുകയും വേണം. വളരെ നാളുകൾക്കു മുമ്പെ സ്വന്തമായ ദൈവാലയങ്ങളുള്ള ചില മലയാളി എപ്പിസ്ക്കോപ്പൽ സഭാവൈദികരുമായി നടത്തിയ ചർച്ചയിൽ കൗമാരപ്രായത്തിലെത്തിക്കഴിഞ്ഞാൽ കുട്ടികൾക്ക് പള്ളിയിൽ സംബന്ധിക്കുന്നത് അത്ര താൽപര്യമുള്ള വിഷയമല്ല എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. സമീപഭാവിയിൽ തന്നെ ഇത്തരമൊരു അവസ്ഥാ വിശേഷത്തിൽ നാമും എത്തിച്ചേർന്നേക്കാം.

ക്നാനായ പൈതൃകസ്മാരക ശിലാസ്ഥാപനം

ക്നാനായ പൈതൃക സ്മാരക ശിലാസ്ഥാപന സമ്മേളനം കൊടുങ്ങല്ലൂരിൽ ക്നാനായ സമുദായ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്യുന്നു.

ഇടത്തുനിന്ന് സാബു തോട്ടുങ്കൽ, തോമസുകുട്ടി തേവരുമുറിയിൽ,ഫാ.പി.ടി.മാത്യു, ടി.ഒ. ഏബ്രഹാം, മാത്യു ഏബ്രഹാം, സ്കറിയാ തോമസ് എക്സ്.എം.പി., ഫാ. രാജൻ ഏബ്രഹാം, സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, ബിനു കല്ലേമണ്ണിൽ, പ്രൊഫ. സന്തോഷ് കണ്ണന്താനത്ത്, ആലിച്ചൻ ആറൊന്നിൽ, പ്രൊഫ.പി.കെ. സ്കറിയാ കുന്നത്തിൽ, ഫാ.തോമസ് ഏബ്രഹാം തുടങ്ങിയവർ സമീപം.

ക്നാനായ കുടിയേറ്റം തലമുറകളുടെ മാർഗ്ഗദീപം ആർച്ച്ബിഷപ്പ് സേവേറിയോസ്

കൊടുങ്ങല്ലൂർ: മലങ്കര സഭാചരിത്രത്തിന്റെ മാർഗ്ഗദീപമായി എന്നും നിലനില്ക്കുന്ന ഒന്നാണ് ക്നാനായ കുടിയേറ്റമെന്ന് ക്നാനായ പൈതൃക സ്മാരക ശിലാസ്ഥാപന കർമ്മം നിർവവഹിച്ചതിനുശേഷം കൊടുങ്ങല്ലൂരിൽ നടന്ന പൊതുസമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ പറഞ്ഞു. ലോകം മുഴുവനും വ്യാപിച്ച് പടർന്ന് പന്തലിച്ച് നിൽക്കുന്ന സിറിയൻ ക്നാനായ സമുദായം കാത്തു സൂക്ഷിക്കുന്ന പാരമ്പര്യങ്ങളും പൈതൃകവേരുകളും ഉറപ്പിക്കുന്നതിനും, ചരിത്രത്തിന്റെ ഏടുകളിലൂടെ സഞ്ചരിച്ച് അവയെ ഉയർത്തികാട്ടുന്നതിനുമായാണ് ക്നാനായ പൈതൃക സ്മാരകം ഉണ്ടാക്കുന്നതെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

സ്കറിയാ തോമസ് എക്സ് എം.പി. അദ്ധ്യക്ഷത വഹിച്ചു ഫാ. പി.ടി.മാത്യു പയ്യനാട്ട്, വികാരി ജനറാൾ ഫാ.രാജൻ ഏബ്രഹാം കുളമട, ഭദ്രാസന സെക്രട്ടറി ഫാ.തോമസ് ഏബ്രഹാം മലയശ്ശേരിൽ, ഫാ.മോനായി കെ.ഫിലിപ്പ് കർക്കടകംപള്ളിൽ, ടി. ഒ. ഏബ്രഹാം തോട്ടത്തിൽ,വെളിയനാട് പഞ്ചായത്ത് പ്രസിഡന്റ് സാബു തോട്ടുങ്കൽ, ക്നാനായ കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ സ്മിജു ജേക്കബ് മറ്റക്കാട്ട്, തോമസുകുട്ടി തേവരുമുറിയിൽ, ബിനു കല്ലേമണ്ണിൽ, പ്രൊഫ.സന്തോഷ് കെ.തോമസ് കണ്ണന്താനത്ത്, പ്രൊഫ. പി.കെ സ്കറിയ കുന്നത്തിൽ, പ്രൊഫ.ഷാജി ഏബ്രഹാം ഓതറ, മാത്യു ഏബ്രഹാം തേക്കുംമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. ക്നാനായ പൈതൃക സ്മാരക ശിലാസ്ഥാപന സമ്മേളനത്തിന് സംബന്ധിക്കുന്നതിനായി കേരളത്തിലെ വിവിധ ക്നാനായ ഇടവകകളിൽ നിന്നായി വൈദികരും ആയിരത്തോളം സമുദായാംഗങ്ങളും പങ്കെടുത്തു.

വരും കാലങ്ങളിൽ ബഹുമാനപ്പെട്ട സന്തോഷ് അച്ചന്റെ ശുശ്രൂഷ കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ ഇടവകകൾ വളരുവാൻ സഹായിക്കത്തക്കവിധത്തിൽ ദൈവം കരുണ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തികഞ്ഞ ആത്മവിശ്വാസത്തോടെ പറയട്ടെ "ദൈവത്തെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവില്ല" മാതാപിതാക്കളെ നിങ്ങളുടെ മക്കൾ ദൈവമക്കളാകുവാൻ; നിത്യതയിൽ നമുക്കെല്ലാം ഒരുമിച്ചു കണ്ടെത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ ലോകത്ത് നിങ്ങളുടെ മക്കൾക്ക് ഒന്നും കൊടുക്കുവാൻ കഴിഞ്ഞില്ലെങ്കിലും ദൈവത്തെ കൊടുക്കുവാൻ കഴിഞ്ഞാൽ അതാണ് നേട്ടം.

●

ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

10 a.m മുതൽ–1 p.m. വരെ

ധ്യാനമെന്ന കലാപരിപാടി...

"എന്റെ അച്ചോ അവളും അവനും കൂടി ധ്യാനം എന്നു പറഞ്ഞ് ഇറങ്ങിയപ്പോഴേ ഞാൻ നിശ്ചയിച്ചതാ ഇത് കുഴപ്പമാകുമെന്ന്"

"എന്നിട്ടെന്തുപറ്റി?"

"ഇനി എന്തു പറ്റാനാ അച്ചാ: ചെറുക്കനിപ്പോൾ മാനസിക രോഗിയായി മാറി"

"അതെന്താ അമ്മച്ചി അങ്ങനെ പറയുന്നത് ധ്യാനം കൂടുന്നവർ മാനസികരോഗികളാകുമോ"

"എനിക്കറിയത്തില്ലയെന്റെ പൊന്നച്ചോ, ഇപ്പോൾ അവനും അവളുകൂടി കാണിക്കുന്ന പേക്കൂത്ത് കാണുമ്പോൾ അത് വട്ടാണെന്നേ ആളുകൾ പറയൂ.

"എനിക്കങ്ങനെ തോന്നുന്നില്ല"

"അതെങ്ങനെയാ, അച്ചനിതൊന്നും കാണുന്നില്ലല്ലോ!. പ്രാർത്ഥിക്കാൻ നിന്നാൽ പിന്നെ സ്പ്രിംഗേലാ; ഇങ്ങനെയുണ്ടോ പെണ്ണുങ്ങൾ ഒരറ്റം തൊട്ട് മറ്റേ അറ്റം വരെ ഓട്ടമാ, എന്റെ അച്ചോ, ഇതൊക്കെ എങ്ങനെയാ സഹിക്കുന്നത് അലറലും കൂവലും അതെന്താ അച്ചോ, നമ്മുടെ ദൈവം പൊട്ടനാണോ.

"ദൈവം പൊട്ടനായിട്ടൊന്നുമല്ല പ്രായം ഒത്തിരിയായില്ലേ ചെവിക്ക് കേഴ്വിക്കുറവ് കാണും".

"ശരിയാ അച്ചാ, അതാണെന്നാ തോന്നുന്നത് അല്ലെങ്കിൽ ഇത്രയും കാറിക്കൂവി അലറേണ്ട കാര്യമൊന്നുമില്ലല്ലോ" എന്തായാലും ഇവരുടെ ഒരു ധ്യാനം കാരണം വീട്ടിലുള്ളവർക്കാർക്കും കിടന്നുറങ്ങേണ്ടാ".

ധ്യാനം കൂടാൻപോയ രാജപ്പനേയും ആനിയേയും കൊണ്ട് അയാളുടെ മൂത്ത മകനും അമ്മയും കൂടെയാണ് എന്റെ അടുക്കൽ കൊണ്ടുവന്നത്. ഭക്തി മൂത്ത് ഭ്രാന്തായ എല്ലാ ലക്ഷണങ്ങളും അയാളിലുണ്ട്. രാജപ്പന്റെ ഭാര്യ ആനിയാണ് ആദ്യം ധ്യാനമെന്ന് പറഞ്ഞ് വീട്ടിൽനിന്ന് ഇറങ്ങിയത് രണ്ടു മൂന്നു ധ്യാനങ്ങൾ ഒക്കെ കൂടിയപ്പോൾ അതവർക്കൊരു ലഹരിയായി. എട്ടിലും ഒൻപതിലും പഠിക്കുന്ന പെൺകുട്ടികളുടെ കാര്യംപോലും മറന്ന് ധ്യാനകേന്ദ്രത്തിലെ പ്രേക്ഷിതയായി സേവനം ആരംഭിച്ചു.

സാമ്പത്തികമായി പിന്നോക്കം നിന്ന ആ കുടുംബത്തിന് അല്പസ്വല്പ സാമ്പത്തിക സഹായമൊക്കെ ധ്യാനകേന്ദ്രത്തിൽനിന്ന് ലഭിച്ചു. അതിന്റെ നന്ദിയെന്നോണം കുടുംബത്തിലുള്ളവരെ കൂടി ആനിയമ്മ ധ്യാനം കൂടാൻ പ്രേരിപ്പിച്ചു. അങ്ങനെ രാജപ്പനും പെൺമക്കളുംകൂടി രണ്ടുമൂന്നു ധ്യാനങ്ങൾ കഴിഞ്ഞപ്പോൾ രാജപ്പന് ഭക്തി തലയ്ക്ക് പിടിച്ച് ഭ്രാന്തായി മാറി.

"തനിക്ക് ഭക്തി ലഹരി അല്പം ഓവറായിപ്പോയെന്നാ തോന്നുന്നത്."

"അതെന്താ അച്ചനങ്ങനെ പറയുന്നത് ആയിരക്കണക്കിനാളുകളാ, ഓരോ പ്രാവശ്യം ധ്യാനത്തിനു വരുന്നത്. അവർക്ക് വിശ്വാസമുള്ളതു കൊണ്ടല്ലേ അവിടെ എത്തുന്നത്".

"തന്റെ വിശ്വാസം തന്നെ പൊറുപ്പിക്കട്ടെ. ഇതെല്ലാം വിശ്വാസത്തിന്റെ പേരിൽ നടക്കുന്നതാണെന്നാണോ താനീ പറഞ്ഞു വരുന്നത്?. അത്ഭുതം, രോഗശാന്തി, പ്രശ്ന പരിഹാരം, പൂർവ്വ പിതാക്കന്മാരുടെ ശാപ മുക്തി എന്നു വേണ്ട നിങ്ങളെപ്പോലെയുള്ള അല്പവിശ്വാസികളേയും വികാര ജീവികളേയും വലയിൽ വീഴ്ത്തുവാൻ ഇതൊക്കെയല്ലാതെ വേറെ എന്താണ് വഴി.... എത്ര ആളുകൾ വിശ്വാസത്തോടെ ദൈവത്തോട് പ്രാർത്ഥിക്കുന്നുണ്ട്. അവരാരും നിങ്ങളെപ്പോലെ അലറികൂവി, ആവേശംകാണിക്കുകയും അംഗവിക്ഷേപം നടത്തുകയും ചെയ്തിട്ടാണോ ഫലം ലഭിക്കുന്നത്. തിരുവചനത്തിൽ പറയുന്നതുപോലെ അവർ ജാതികളെപ്പോലെ ജല്പനം ചെയ്യുന്നില്ല. അതിഭാഷണവും ഇല്ല. ചോദിക്കുന്നതിനു മുമ്പ് അറിയുന്ന തങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിലാണ് അവർ വിശ്വസിക്കുന്നത്. അവർക്ക് ഭക്തിയുടെ ലഹരിയും പ്രകടനവും ഇല്ല. അല്പവിശ്വാസികളായ നിങ്ങളെപ്പോലെയുള്ളവർക്കും ബഹളക്കാരായ പ്രസംഗകർക്കും. ഇതില്ലാതെ പറ്റില്ല. എന്തിനാ രാജപ്പാ, പ്രാർത്ഥിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും ഇത്രയും അലറുന്നത്, സ്വർഗ്ഗത്തിലെ മാലാഖമാർ ദൈവ തിരുമുമ്പാകെ നിന്നു ഹല്ലേലുയ്യാ പറയുന്നത് ഇങ്ങനെയാണോ. ഇതേ താണ്ടു മുദ്രാവാക്യം പറയുകയും പറയിപ്പിക്കുകയും ചെയ്യുന്നതുപോലെയായി. വഴിയിലൂടെ യാത്ര ചെയ്യുമ്പോൾ ചില തട്ടുകടയിൽ നിന്നും പൊരിച്ചകോഴിയുടെ മണം വരുമ്പോൾ കൊതി വരുന്നതുപോലെ ഏതാണ്ടങ്ങ് കത്തികയറും. പാട്ടും താളോം, മൈക്കും, കാറലും കൂവലും ഹല്ലേലുയ്യായും, എല്ലാംകൂടിയാകുമ്പോൾ ഭക്തിയുണരും തലയ്ക്കു പിടിക്കും. പിന്നെ കൈയ്യും കാലും പൊക്കും, ആടും പാടും, ബഹളംവയ്ക്കും. പട്ടയടിച്ചു തലയ്ക്കുപിടിക്കുന്നതുപോലെയുള്ള ഒരു സുഖം."

"അച്ചാ വചനം ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങണമെങ്കിൽ തറപ്പിച്ചും ഉറപ്പിച്ചും അലറിപ്പറയണമെന്നാ അവർപറയുന്നത്"

"രാജപ്പ അങ്ങനാണെങ്കിൽ സ്ക്കൂളിലും കോളേജിലുമൊക്കെ പഠിപ്പിക്കുന്ന അദ്ധ്യാപകരൊക്കെ കുട്ടികളെ കാര്യങ്ങൾ മനസ്സിലാക്കാൻ കാറി കൂവേണ്ടി വരുമല്ലോ?. ക്ലാസ്സിലിരിക്കുന്ന കുട്ടികളോട് ശാന്തമായി പറഞ്ഞു കൊടുത്താൽ അവർക്കു മനസ്സിലാകും. അലറിക്കൂവിയാലോ?. പിന്നെന്തിനാ ഈ ധ്യാനത്തിന് ഇത്രയും അലറുന്നത്. ഇത് മനുഷ്യനെ ഉന്മാദത്തിലാക്കി ഭക്തി ലഹരി ഉണ്ടാക്കുകയാണ്".

"അച്ചാ അച്ചനറിയാമോ, ആ ധ്യാന കേന്ദ്രത്തിലെ അച്ചൻ തലയിൽ കൈവയ്ക്കേണ്ട അതിനു മുമ്പ് താഴെ വീഴും, ഭയങ്കര അഭിഷേകമാ അച്ചാ, അവിടെ

എടോ രാജപ്പാ, കർത്താവ് തലയിൽ കൈവച്ചവരോ, വി. ശ്ലീഹന്മാർ തലയിൽ കൈവച്ചവരോ, ആരെങ്കിലും വീണിട്ടുണ്ടോ, സുബോധം ഉള്ളവരെ വീഴ്ത്തുന്ന പണിയല്ല പരിശുദ്ധത്മാവ് ചെയ്യുന്നത്. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവ് നിറഞ്ഞ വി. മറിയാമിന്റെയും ഏലിശ്ബായുടേയും വി.ശ്ലീഹന്മാരുടേയും ഒക്കെ അവസ്ഥ എന്താകുമായിരുന്നു. ഇത് പരിശുദ്ധാത്മവല്ല വേറെ ആത്മാവാണ്.

"അച്ചോ ദാവീദ്പോലും ആത്മാവിൽ ഉടുതുണിപോലും ഇല്ലാതെ നൃത്തം ചെയ്തില്ലേ?"

"ഓ അതു ശരി അതാണ് കാര്യം"

"രാജപ്പാ, തങ്ങൾ ചെയ്യുന്ന എല്ലാ ഭക്ത്യാഭ്യാസങ്ങളേയും ന്യായീകരിക്കുവാൻ ഇങ്ങനെ കുറെ വാക്യങ്ങളൊക്കെ വേദപുസ്തകത്തിൽനിന്ന് തപ്പിപ്പെറുക്കിയെടുക്കും. എന്നിട്ട് അതിന്റെ മുൻപിലും പിൻപിലും ഉള്ളതെല്ലാം വിട്ടുകളയും".

"അച്ചനിത്രയുമൊക്കെ പറയുന്നതുകൊണ്ട് ഞാനൊരു കാര്യംകൂടി ചോദിച്ചോട്ടെ," അത്രയും സമയം മിണ്ടാതിരുന്ന ആനിയമ്മ പതുക്കെ തലപൊക്കി.

"എന്താ ആനിയമ്മേ ചോദിച്ചോ"?

''എത്ര ആയിരക്കണക്കിനു ആളുകളാ അച്ചാ, ഈ ധ്യാനം കൂടി രക്ഷപെടുന്നത് പള്ളിക്കേറാതെ, പട്ടയടിച്ചു കൊണ്ടു നടന്ന പലരും ബൈബിളുവായനേം പ്രാർത്ഥനേം ഒക്കെ തുടങ്ങിയത് ധ്യാനം കൂടിയതുകൊണ്ടല്ലേ അച്ചോ?

"ഇതിനാ ആനിയമ്മേ എഴുതാപ്പുറം വായിക്കുക എന്നു പറയുന്നത്. ധ്യാനവും പ്രാർത്ഥനയും ഒന്നും വേണ്ടെന്നു ഞാൻ പറഞ്ഞില്ലല്ലോ. പണ്ടും നമ്മുടെ സഭയിൽ ധ്യാനവും പ്രാർത്ഥനയും ഒക്കെ ഇല്ലായിരുന്നോ? അതൊക്കെ മനുഷ്യനെ ഇങ്ങനെ വെകിളിപിടിപ്പിക്കുന്നതും ഉന്മാദത്തിലെത്തിക്കുന്നതും, കൈകാലിട്ടടിപ്പിക്കുന്നതും മനുഷ്യരുടെ സ്വൈര്യം കെടുത്തുന്നതുമായിരുന്നോ?. പണ്ട് ഇതൊക്കെ പെന്തിക്കോസുകാരുടെ പണിയായിരുന്നു. അതുകണ്ട് നമ്മളും പതുക്കെ തുടങ്ങി. സഹസ്രാബ്ദങ്ങളായി വിശ്വസിച്ച് ജീവിച്ചുവളർന്ന് നമ്മുടെ പിതാക്കന്മാർ കൈമാറിത്തന്ന സത്യവിശ്വാസത്തിൽ ജനിച്ചുവളർന്നവരെ പഠിപ്പിക്കാൻ പുതിയ കലാപരിപാടികളുമായി ഇന്നലെവരെയും ക്രിസ്ത്യാനികൾപോലുമല്ലാത്തവരായ ചില പുതിയ ധ്യാനഗുരുക്കൾ എത്തിയിരിക്കുന്നത്. പിന്നെ അവിടെ ആളൊത്തിരികൂടുന്നുണ്ട് പതിനായിരക്കണക്കിനു രൂപയാണ് സ്തോത്രകാഴ്ച വരുന്നത് എന്നൊക്കെ പറയുന്നത് ധ്യാനമെന്ന കലാപരിപാടിയുടെ വിജയമായി നിങ്ങൾ കൊട്ടിഘോഷിക്കാറുണ്ടല്ലോ? ആയിരക്കണക്കിനു ആളു കൂടിയതുകൊണ്ടോ അത് വലിയ ഒരു അനുഭവമായിരുന്നു എന്നു പറയുന്നതുകൊണ്ടോ ഒന്നും കാര്യമില്ല, അങ്ങനെയുള്ള വേറെ സ്ഥലങ്ങളുമുണ്ടല്ലോ, തൃശൂർ പൂരത്തിന്റെ വെടിക്കെട്ടിന്റെ കൂട്ട പൊരിച്ചിൽ കേൾക്കുമ്പോൾ തോന്നുന്നതുപോലെയേയുള്ളു അത്.

ധ്യാനവും ആരാധനയും പ്രാർത്ഥനയും ഒക്കെ വളരെ നല്ലതാണ്. അത് ആവശ്യവുമാണ്. മനുഷ്യഹൃദയങ്ങൾക്ക് ശാന്തതയും, സ്വാന്തനവും, സമാശ്വാസവും, വിശ്വാസവും പകരേണ്ട ധ്യാനങ്ങൾ ഇന്ന് പലതും വിശ്വാസങ്ങൾക്കോ പാരമ്പര്യങ്ങൾക്കോ, യോജ്യമല്ലാത്ത രീതിയിൽ കുറെ ആളെക്കൂട്ടി പ്രശസ്തി വർദ്ധിപ്പിക്കാനും, പണമുണ്ടാക്കാനും, മനുഷ്യനെ ഭക്തിയുടെ ലഹരി അടിപ്പിച്ച് പൂസാക്കാനുമായി തരം താഴരുത് എന്നു മാത്രം.

ഡോക്ടറേറ്റു നേടി

American Literature ൽ Doctorate (MATS Unversity, Raipur) നേടിയ Leena R.Jacob, Principal, M.G.M. Raipur Late Shr. T. K. Chacko & Mariamma Chacko Thinemkalayil -ന്റെ മകൻ Mr. Rajesh Jacob ന്റെ ഭാര്യയും Thiruvanandoor Thykakathu Late Shr. T. M.Thomas ന്റെയും Ammini Thomas ന്റെയും മകളുമാണ്.

അറിയിപ്പ്

ക്നാനായ ദീപം മാസിക എല്ലാ മാസവും 15-ാം തീയതി ചങ്ങനാശ്ശേരി R.M.S. ൽ എല്ലാവരിക്കാർക്കും അയക്കുന്നുണ്ട്. 400 രൂപയ്ക്ക് മുകളിൽ കുടിശിഖ ഉള്ളവർക്ക് മാസിക ലഭിക്കുന്നതല്ല.

പത്രാധിപർ

കർത്താവിന്റെ മലർവാടി

പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,

എല്ലാവരും പരീക്ഷാച്ചൂടിലും തിരക്കിലുമായിരിക്കുമല്ലോ, പഠിച്ച കാര്യങ്ങൾ എല്ലാം ഭംഗിയായി പരീക്ഷയിൽ പ്രകടിപ്പിക്കുവാൻ നിങ്ങൾക്കാവട്ടെ എന്നു കൊച്ചിച്ചാച്ചൻ പ്രാർത്ഥിക്കുന്നു.

ജീവിതത്തിൽ നമുക്ക് ലഭ്യമായിട്ടുള്ളതെല്ലാം ദൈവം നമുക്ക് ദാനമായി തന്നിട്ടുള്ളതു മാത്രമാണ്. ഇന്ന് നമ്മൾ എന്തായിരിക്കുന്നുവോ അതെല്ലാം ദൈവത്തിന്റെ കൃപമാത്രമാണ്. അതുകൊണ്ട് നമ്മുടെ ഭൂതകാലത്തെക്കുറിച്ചു നമുക്ക് എപ്പോഴും ഓർമ്മ ഉണ്ടാവണം. മനുഷ്യരിൽ ഏറ്റവും ഉന്നതമായ നിലയിലും നിലവാരത്തിലും എത്തുമ്പോൾ പഴയതെല്ലാം മറന്ന് അഹങ്കരിക്കുന്നത് കണ്ടിട്ടുണ്ട്.

രാജ്യം ഭരിച്ചുകൊണ്ടിരുന്ന രാജാവ് യാത്ര പോകവെ ഒരു സത്രത്തിൽ കയറി. അവിടെ യാചകരായിരുന്ന ധാരാളം ആളുകൾ ഉണ്ടായിരുന്നു. അവരൊക്കെ പരസ്പരം കലപില കൂട്ടിയും മറ്റു കാര്യങ്ങളിലും ഒക്കെ ഏർപ്പെട്ടിരിക്കുമ്പോൾ ഒരാൾ മാത്രം ഒരു ഗ്രന്ഥം വായിച്ചുകൊണ്ട് ധ്യാനനിരതനായി ഇരിക്കുന്നതുകണ്ടു. കാഴ്ചയിൽ ഒരു കുലീനനും ബുദ്ധിമാനുമാണെന്ന് മനസ്സിലാക്കിയ രാജാവ് അയാളേയുംകൂട്ടി കൊട്ടാരത്തിലെത്തി. നല്ല ഒരു ജോലി നൽകി. അയാളുടെ വിശ്വസ്തതയും ആത്മാർത്ഥയുംകൊണ്ട് അയാൾ രാജാവിന്റെ മന്ത്രിയായി.

തന്റെ മന്ത്രി സമർത്ഥനും ഏതു കാര്യങ്ങളും വിജയകരമായി പൂർത്തിയാക്കുകയും ചെയ്യുന്നവനാണെന്ന് രാജാവിന് മനസ്സിലായി. മന്ത്രിയുടെ ബുദ്ധി സാമർത്ഥ്യത്തിന്റെ രഹസ്യം എന്താണെന്ന് അറിയുവാൻ ചില ആളുകൾ തീരുമാനിച്ചു. അവർ ആ രഹസ്യം കണ്ടെത്തി. എല്ലാ ദിവസവും മന്ത്രി ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ഒരു തകരപ്പെട്ടി തുറന്നു നോക്കി വണങ്ങുന്നു. അവർ പറഞ്ഞു ഈ മാന്ത്രികപ്പെട്ടിയിലുള്ള ഏതോ ശക്തികൊണ്ടാണ് അയാൾക്ക് നിരന്തരം വിജയം ഉണ്ടാകുന്നത്.

ഈ വാർത്ത താമസിയാതെ രാജാവിന്റെ ചെവിയിലുമെത്തി. അങ്ങനെ രാജാവും ചില ആളുകളുംകൂടി മന്ത്രിയുടെ വിജയ രഹസ്യം കണ്ടുപിടിക്കുവാൻ തന്നെ തീരുമാനിച്ചു.

ഒരു ദിവസം അവർ മന്ത്രി അറിയാതെ അയാളുടെ മുറിയിൽ കടന്ന് അയാളുടെ തകരപ്പെട്ടി തുറന്നുനോക്കി. ആ പെട്ടി തുറന്നപ്പോൾ അതിൽ കണ്ടതാകട്ടെ അയാൾ യാചകനായിരുന്നപ്പോൾ ഉണ്ടായിരുന്ന ചില പഴയ തുണികളും ഒരു ബൈബിളും ഒരു പാത്രവും മാത്രമായിരുന്നു. താൻ ഈ നിലയിലെത്തിയിട്ടും രാജ്യം ഭരിക്കുന്ന മന്ത്രിയായിട്ടും തന്റെ പഴയ കാലത്തെക്കുറിച്ച് ആ മനുഷ്യൻ എപ്പോഴും ഓർക്കുമായിരുന്നു. അതുകൊണ്ട് വിനയാന്വിതനായി അയാൾക്ക് ജീവിക്കുവാൻ കഴിഞ്ഞു. ദൈവം അയാളെ ശക്തികരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

പ്രിയപ്പെട്ട കൂട്ടുകാരെ, നമ്മൾ ഈ മന്ത്രിയെപ്പോലെയായിരിക്കണം. നാം എത്ര ഉന്നത നിലവാരത്തിലെത്തിയാലും ധാരാളം സമ്പത്തും സ്ഥാനമാനങ്ങളും ലഭിച്ചാലും അതിന് മുമ്പ് നാം ആരായിരുന്നു എന്ന ബോധം നഷ്ടപ്പെടുത്തരുത് നമ്മുടെ പൂർവ്വകാല ജീവിതവും അതിനെക്കുറിച്ചുള്ള ചിന്തയും നമ്മെ കൂടുതൽ വിനയമുള്ളവരാക്കിത്തീർക്കും. ദൈവത്തേയും, ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ള നന്മകളെ ലഭിക്കുവാൻ കാരണ ഭൂതരായവരേയും മറക്കാതെ അവരോട് നന്ദിയുള്ളവരായിരിക്കുക. എല്ലാ നന്മകളും നിങ്ങൾക്കുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ

നിങ്ങളുടെ കൊച്ചിച്ചാച്ചൻ

ബാംഗ്ലൂരിൽ താമസ സൗകര്യം

Bangalore, Hennur St. Mary's Knanaya Syrian പള്ളിയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ **Guest Room** മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതാണ്. **Bangalore** ൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Vicar: + 918762592382
Trustee: +919538577355
Secretary: +919844082280
Vicar Fr. Jinu Mathew

8 – ാം ചരമവാർഷികം

29 – 03 – 2018

ദൈവമേ നിന്റെ കൃപയുടെ ബഹുത്വം പോലെ എന്നോട് കരുണയുണ്ടാകണമേ

ഇ. ജെ. കുറിയാക്കോസ്

ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Advt - S

സന്തപ്ത കുടുംബാംഗങ്ങൾ

(25-03-1938 - 30-03-2017)

1st Death Anniversary

30 - 3- 2018

" We thank God upon every remembrance of you'' Phil 1:3

E. T. ABRAHAM (AVARACHEN)
EZHUMAYIL, CHINGAVANAM

Thank you for the love you lavished upon us and for making us who we are.

Valsa Abraham
Dr. Manoj, Dr. Sina, Irene & Abigail
Dr. Manju, Santhosh, Lydia & Asher

Advt - O

40 – ാം ചരമദിനം

31 – 01 – 2018

തങ്കമ്മ കുര്യാക്കോസ്
(മാലത്തുശ്ശേരിൽ)

ഏറത്തു മണ്ണിൽ, പുനലൂർ

Advt - O

ഭർത്താവ്: എ. സി. കുര്യാക്കോസ് (കുഞ്ഞുമോൻ)
മകൻ: ഫ്ളെവിൻ കുര്യാക്കോസ്
മരുമകൾ: ഷെറിൻ, താന്നിച്ചുവട്ടിൽ, കൈപ്പുഴ

PROJECT BY
WAKE
WORLD ASSOCIATION OF KNANAYA ENTREPRENEURS

KNANAYA WEDDINGS.COM

